PALAKKAD
Rupatha Bulletin



Editor
Fr. Jaimon Pallineerakkal

Published by
Fr. Joshy Pulikkottil

Bishop's House
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
JIM Offset, Palakkad

Annual Subscription: Rs. 200

## ഉള്ളടക്കം

വിജ്ഞാപനം ....................................................03
ഫ്രാൻസിസ് മാർപാപ്പ.................................... 07
Bishop's Engagement...................................10
From the Bishop's Office..............................12
സ്കോളർഷിപ്പ്...............................................13
നിത്യാരാധനാ കപ്പേള....................................15
വിശ്വാസപരിശീലനവേദി..................................16
ബൈബിൾ അപ്പോസ്റ്റലേറ്റ്.............................25
അൾത്താരസംഘം.........................................26
തിരുബാലസഖ്യം............................................26
കെ.സി.വൈ.എം...........................................26
മാതൃസംഘം..................................................27
പിതൃസംഘം...................................................28
ഫാമിലി അപ്പോസ്റ്റലേറ്റ്.................................28
കുടുംബക്കൂട്ടായ്മ.......................................28
സെമിനാരി വാർത്തകൾ................................30
സി.എൽ.സി..................................................30
മദ്ധ്യവിരുദ്ധസമിതി.........................................31
നവീകരണമുന്നേറ്റം...................................... 32
ക്രിസ്റ്റീൻ വാർത്തകൾ..................................33
സെഹിയോൻ ധ്യാനകേന്ദ്രം...........................33
പി. എസ്. എസ്. പി......................................34
കെ.എൽ.എം..............................................36
From the Bishop's Diary................................38

165/2013
14-03-2013

## വിജ്ഞാപനം – 115

# പുതിയ മാർപാപ്പ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

"എനിക്കിഷ്ടപ്പെട്ട അജപാലകരെ ഞാൻ നിങ്ങൾക്ക് നൽകും. അവർ നിങ്ങളെ വിജ്ഞാനത്തൊടും വിവേകത്തൊടും കൂടെ പാലിക്കും". (ജെറ. 3:15). വാഗ്ദാനങ്ങളിലുള്ള ദൈവത്തിന്റെ വിശ്വസ്ഥത ക്രൈസ്തവ ലോകം ഒരിക്കൽക്കൂടി അനുഭവിച്ചറിഞ്ഞു. ബനഡിക്ട് പതിനാറാമൻ പാപ്പ 2013 ഫെബ്രുവരി 28-ാം തിയതി സ്ഥാനത്യാഗം ചെയ്ത സാഹചര്യത്തിൽ സാർവ്വത്രിക സഭയുടെ പിതാവും തലവനുമായി **ഫ്രാൻസിസ്** പാപ്പായെ കർത്താവ് നൽകിയനുഗ്രഹച്ചതിൽ നമ്മളെല്ലാവരും സന്തോഷിക്കുന്നു. ദൈവം കനിഞ്ഞു നൽകിയ അവർണ്ണനീയമായ ഈ ദാനത്തിന് അവിടുത്തേക്ക് നന്ദി അർപ്പിക്കാം.

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട കോൺക്ലേവിലെ 115 കർദ്ദിനാൾമാർ ലാറ്റിൻ അമേരിക്കയിലെ അർജന്റീനായിൽ നിന്നുള്ള കർദ്ദിനാൾ ഹോർഗെ മാരിയോ ബർഗോളിയെയാണ് പുതിയ പാപ്പായായി തെരഞ്ഞെടുത്തത്. ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ, ഈശോസഭാംഗമായ ആദ്യ മാർപാപ്പ, സ്വർണ്ണ നിറത്തിലുള്ള കുരിശും മാലയും ധരിക്കാതെ താൻ ഉപയോഗിച്ചിരുന്ന സാധാരണ കുരിശും മാലയും ധരിച്ച് പ്രത്യക്ഷപ്പെട്ട മാർപാപ്പ, ഫ്രാൻസിസ് നാമധേയം സ്വീകരിച്ച ആദ്യ മാർപാപ്പ തുടങ്ങിയ വ്യത്യസ്ഥതകൾ അദ്ദേഹത്തിന് സ്വന്തമാണ്. ഇറ്റലിയുടെ സ്വന്തം വിശുദ്ധനെന്ന് അറിയപ്പെടുന്ന അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിനോടുള്ള അതീവ ബഹുമാനവും സുവിശേഷ ദാരിദ്ര ജീവിത ശൈലിയോടുള്ള വിശുദ്ധന്റെ ആഭിമുഖ്യവുമാണ് ഫ്രാൻസിസ് എന്ന പേര് സ്വീകരിക്കുവാൻ മാർപാപ്പയെ പ്രേരിപ്പിച്ചത്. മാർച്ച് 19-ന് വി. യൗസേപ്പ് പിതാവിന്റെ മരണ തിരുനാൾ ദിവസമാണ് പുതിയ പാപ്പായുടെ സ്ഥാനാരോഹണം.

തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം പുതിയ മാർപാപ്പ വത്തിക്കാൻ ബസലിക്കായുടെ ബാൽക്കണിയിൽ എത്തി ജനത്തോട് ആദ്യം നടത്തിയ പ്രസംഗം തന്നെ അദ്ദേഹത്തിന്റെ വിനയവും ഹൃദയ വിശാലതയും ജീവിത





ലാളിത്യവും വിളിച്ചറിയിക്കുന്നതായിരുന്നു; നർമ്മ രസത്തോടെ പാപ്പ ഇപ്രകാരം തുടർന്നു. "റോമിന് ഒരു മാർപാപ്പയെ നൽകുക എന്നതാണ് കോൺക്ലേവിന്റെ ചുമതലയെന്ന് നിങ്ങൾക്കറിയാം. ഒരാളെ കണ്ടുപിടിക്കുവാൻ എന്റെ സഹോദരന്മാരായ കർദ്ദിനാൾമാർക്ക് ലോകത്തിന്റെ അതിർത്തികൾവരെ പോകേണ്ടി വന്നുവെന്നാണ് എനിക്ക് തോന്നുന്നത്... നിങ്ങൾക്ക് നന്ദി. ആദ്യമായി പോപ്പ് എമരിറ്റസ് ബനഡിക്ട് പതിനാറാമനുവേണ്ടി പ്രാർത്ഥന സമർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമുക്കൊരുമിച്ച് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം. ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. ഇപ്പോൾ മുതൽ സ്നേഹത്തിലും സാഹോദര്യത്തിലും പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ ആത്മീയജീവിതയാത്രയിലേക്കാണ് നമ്മളൊരുമിച്ച് ചരിക്കേണ്ടത്. സഭയുടെ ഈ യാത്രയിൽ ഇന്ന് ഇവിടെ സന്നിഹിതരായിരിക്കുന്ന കർദ്ദിനാൾമാർ സുവിശേഷ വത്ക്കരണത്തിനായി എന്നെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ ഞാൻ നിങ്ങളെ ആശീർവ്വദിക്കുവാൻ ആഗ്രഹിക്കുന്നു; നിങ്ങളെ ആശീർവ്വദിക്കുന്നതിനുമുമ്പ് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നതെന്തെന്നാൽ, നാഥനായ അവിടുന്ന് എന്നെ അനുഗ്രഹിക്കുന്നതിനായി നിങ്ങൾ അവിടത്തോട് പ്രാർത്ഥിക്കണം. തുടർന്ന് പാപ്പ ജനത്തെ ആശീർവ്വദിക്കുകയും പ്രഭാഷണം ഉപസംഹരിക്കുകയും ചെയ്തു.

ഇത്രയേറെ മാധ്യമ ശ്രദ്ധയാകർഷിച്ച മാർപാപ്പ തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ രജിസ്റ്റർ ചെയ്യപ്പെട്ട ആറായിരത്തിലേറെ വാർത്താ ഏജൻസികളാണ് വത്തിക്കാനിൽ തമ്പടിച്ചിരുന്നത്. തീർത്ഥാടകരുടെ സൗകര്യാർത്ഥം വത്തിക്കാന്റെ വിവിധ ഭാഗങ്ങളിൽ വലിയ ടെലിവിഷൻ സ്ക്രീനുകൾ സജ്ജമാക്കിയിരുന്നു. പുതിയ മാർപാപ്പയെ കാണുന്നതിനും ആശീർവ്വാദം സ്വീകരിക്കുന്നതിനും ലക്ഷക്കണക്കിന് തീർത്ഥാടകരാണ് വത്തിക്കാനിലേക്ക് ഒഴുകിയെത്തിയത്. ടെലിവിഷൻ സ്ക്രീനുകളിലൂടെ ലോകജനത പ്രസ്തുത സംഭവത്തിന്റെ തൽസമയ സംപ്രേഷണം വീക്ഷിച്ചുരുന്നു. കേവലം 108 ഏക്കർ മാത്രം വിസ്തീർണ്ണമുള്ള വത്തിക്കാൻ എന്ന സ്വതന്ത്ര രാജ്യത്തിന്റെ നായകനെ തെരഞ്ഞെടുക്കുന്നതിൽ എന്തു കൊണ്ടാണ് മാധ്യമങ്ങൾ ഇത്രയേറെ താത്പര്യമെടുക്കുന്നത് എന്ന കാര്യം ചിന്തനീയമാണ്. രാജ്യത്തിന്റെ വലുപ്പത്തേക്കാൾ, രാജ്യാതിർത്തികൾക്കും മതവിശ്വാസങ്ങൾക്കും അതീതമായി സർവ്വരും ഉറ്റുനോക്കുന്ന ധാർമ്മിക ശക്തിയും ശബ്ദവുമാണ് മാർപാപ്പയെന്നതാണ് അതിന് കാരണമായിരിക്കുന്നത്. അതിനാൽ ലോക മെമ്പാടുമുള്ള നയതന്ത്രത്തിനുപരിയായ ധാർമ്മിക ദർശനം നൽകാൻ വിളിക്കപ്പെട്ടിരിക്കുന്ന പാപ്പായിലൂടെ മാനവികതയുടെയും നീതിയുടെയും സമാധാനത്തിന്റെയും പ്രതീക്ഷ

യുടെയും സന്ദേശം കേൾക്കാൻ ലോകജനത കാതോർത്തിരിക്കുന്നു.

പുതിയ മാർപാപ്പ അർജന്റീനായിലെ ബുവേനോസ് ആരീസിലെ റയിൽവേ തൊഴിലാളിയുടെ അഞ്ച് മക്കളിൽ ഒരാളായി 1936 ഡിസംബർ 17-ാം തിയതി ജനിച്ചു. 22-ാംമത്തെ വയസ്സിൽ ഈശോ സഭയിൽ ചേർന്ന അദ്ദേഹം 1969-ൽ ഡിസംബർ 13-ാം തിയതി വൈദികനായി. 1973 മുതൽ 1979 വരെ അർജന്റീനായിലെ ജെസ്വീറ്റ് പ്രൊവിൻഷ്യളായും സെമിനാരിയിൽ റെക്ടറായും സേവനം അനുഷ്ഠിച്ചു. 1992-ൽ ബുവേനോസ് അയേർസിയിലെ സഹായ മെത്രാനായി നിമയമിക്കപ്പെട്ട അദ്ദേഹം 1994-ൽ മെത്രാപ്പോലിത്തയായി. 2005-ൽ അർജന്റീനായിലെ എപ്പിസ്കോപ്പൽ കോൺഫറൻസിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് റോമൻകൂരിയായിൽ നിരവധി പദവികൾ അദ്ദേഹം വഹിച്ചു. വൈദികർക്കായുള്ള തിരുസംഘം, കൂദാശകൾക്കും ദൈവാരാധന യ്ക്കുമായുള്ള തിരുസംഘം, സന്യസ്തർക്കായുള്ള തിരുസംഘം എന്നിവയിൽ അദ്ദേഹം അംഗമായിരുന്നു. 76 വയസ്സുകാരനായ പുതിയ മാർപാപ്പ പത്രോസിന്റെ സിംഹാസനത്തിലെത്തുന്ന 266-മത്തെ വ്യക്തിയാണ്.

പാവപ്പെട്ട കുടുംബത്തിൽ ജനിച്ചുവളർന്ന അദ്ദേഹം പാവപ്പെട്ട വരുടെ പ്രശ്നങ്ങൾക്ക് യഥാസമയം തക്ക പരിഹാരം കണ്ടെത്താൻ എന്നും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 1994-ൽ ബുവേനോസ് ആരിസിലുണ്ടായ വലിയ ആക്രമണത്തിൽ എല്ലാ നഷ്ടപ്പെട്ട ജനതയെ ഉദ്ധരിക്കുവാൻ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. ലളിത ജീവിതത്തിന്റെയും വിനയാന്വിത പെരുമാറ്റത്തിന്റെയും ആൾരൂപമായിട്ടാണ് പുതിയ പാപ്പ അറിയപ്പെടുന്നത്. അത്യാവശ്യ സന്ദർഭങ്ങൾ ഒഴികെ ബസ്സിലും ട്രെയിനിലും യാത്ര ചെയ്തും സ്വയം ഭക്ഷണം പാകം ചെയ്ത് കഴിച്ചും ആഢംബര കൊട്ടാരത്തിൽനിന്നു മാറി ചെറിയ ഫ്ളാറ്റിൽ താമസിച്ചും ലളിത ജീവിതത്തിന്റെ ഉജ്ജ്വല മാതൃക നൽകുന്ന പുതിയ പാപ്പ ആഗോള സഭയ്ക്ക് പുത്തൻ കാഴ്ച്ചപ്പാടാണ് സമ്മാനിച്ചിരിക്കുന്നത്.

സാമൂഹിക നീതിക്കും അടിച്ചമർത്തകപ്പെട്ടവരുടെ വിമോചനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പുതിയ പാപ്പ എന്നും മുൻനിരയിൽ തന്നെ ഉണ്ടായിരുന്നു. ആഗോളവത്ക്കരണത്തിന്റെ വിപത്തുകളെപ്പറ്റി ശക്തിയുക്തം പ്രതികരിച്ചിരുന്ന വ്യക്തിയാണ് കർദ്ദിനാൾ ബർഗോളിയോ. എന്നാൽ അർജന്റീനായിലെ വിമോചന ദൈവ ശാസ്ത്രത്തിന്റെ സജ്ജീവ രാഷ്ട്രീയ ഇടപെടലുകളോട് അദ്ദേഹത്തിന് ഒട്ടും യോജിപ്പില്ലായിരുന്നു. കത്തോലിക്ക സഭയുടെ പരമ്പരാഗത





നിലപാടുകളുടെ വക്താവായിട്ടാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. 2010-ൽ അർജന്റീനാ ഗവൺമെന്റ് സ്വവർഗ്ഗ വിവാഹത്തിന് അനുകൂലമായി നിയമം കൊണ്ടുവന്നപ്പോൾ ശക്തമായ പ്രതിഷേധമുയർത്തുവാൻ അദ്ദേഹം തെല്ലുംമടിച്ചില്ല. ദൈവിക പദ്ധതിക്കെതിരായ നീക്കമാണ് സർക്കാരിന്റേതെന്ന് അന്ന് അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. കാരണം സനാതന മൂല്യങ്ങളിൽനിന്ന് സഭക്ക് വ്യതിചലിക്കാനാവില്ല.

സഭയെ അകത്തുനിന്നും പുറത്തുനിന്നുംഎതിർക്കുന്ന നിക്ഷിപ്ത താത്പര്യക്കാർ വർദ്ധിച്ചുവരുന്ന കാലമാണിത്. വിശ്വാസം നഷ്ടപ്പെട്ട വരെയും സഭയെ ഇല്ലാതാക്കാൻ കച്ചകെട്ടി ഇറങ്ങിയിട്ടുള്ളവരെയും കണ്ടില്ലെന്നുവെക്കുവാൻ സഭക്കാവില്ല. ഇവയ്ക്കെല്ലാം പുറമെ അതിബൗദ്ധികത യുടെയും ഉപഭോഗ സംസ്ക്കാരത്തിന്റെയും പ്രത്യയ ശാസ്ത്രങ്ങളുടെയും പ്രശ്ന സങ്കീർണ്ണമായ ഈ കാലഘട്ടത്തിൽ സഭയുടെ വിശ്വാസ പ്രമാണങ്ങൾക്ക് കോട്ടമേൽക്കാതെ വിശ്വസ്തതാപൂർവ്വം ക്രിസ്തുവിന്റെ സഭയെ നയിക്കുകയെന്നതാണ് പുതിയ പാപ്പായുടെ മുന്നിലുള്ള വലിയ വെല്ലുവിളി. അതോടൊപ്പം ത്വരിതഗതിയിൽ മാറിക്കൊണ്ടിരി ക്കുന്ന ആധുനിക ലോകത്തോട് സുവിശേഷാരൂപിയിൽ സംവദിക്കുവാൻ കഴിയുന്ന മാർപാപ്പായെയാണ് ലോകം ഉറ്റുനോക്കുന്നത്.

സഭാമക്കളെ വിശുദ്ധീകരിക്കുവാനും പഠിപ്പിക്കുവാനും നയിക്കുവാനും ദൈവനിയോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട ഫ്രാൻസിസ് പാപ്പാക്ക് ആത്മാവിന്റെ അഭിഷേകം സമർദ്ധമായി ലഭിക്കട്ടെയെന്നും അദ്ദേഹം ആധുനിക ലോകത്തിന് പ്രകാശഗോപുരമായിത്തീരട്ടെയെന്നും നമുക്ക് പ്രാർത്ഥിക്കാം.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ വിജ്ഞാപനം **2013 മാർച്ച് 17 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

(For recordical purpose)

# ഫ്രാൻസിസ് മാർപാപ്പ

**പത്രോസിന്റെ പിൻഗാമിയായി മാർച്ച് 13ന് തിരഞ്ഞെടുക്കപ്പെട്ട ഫ്രാൻസിസ് പാപ്പയെക്കുറിച്ച് പത്രമാധ്യമങ്ങളുടെ വിലയിരുത്തലുകളിൽ വളരെ പ്രസക്തമായ ഏതാനും കാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു.**

### ദീപിക (മാർച്ച് 19)

ആഗോള കത്തോലിക്കാസഭയെ നയിക്കാനായി തിരഞ്ഞെടുക്കപ്പെട്ടശേഷം പൊതുജനമധ്യേ പ്രത്യക്ഷപ്പെട്ട ചുരുങ്ങിയ അവസരങ്ങൾകൊണ്ടുതന്നെ ജനങ്ങളുടെ പ്രിയങ്കരനായി മാറിയിട്ടുണ്ട് ഫ്രാൻസിസ് മാർപാപ്പ. നൂറ്റിയിരുപതു കോടി കത്തോലിക്കാവിശ്വാസികളുടെ ആധ്യാത്മിക പിതാവും വത്തിക്കാൻ രാഷ്ട്രത്തിന്റെ തലവനുമായി സ്ഥാനമേൽക്കുന്ന ഫ്രാൻസിസ് മാർപാപ്പ ആധുനികലോകത്തിനു മാർഗദീപവും ധാർമിക പ്രചോദനവുമായി മാറും.

പത്രോസിന്റെ സിംഹാസനത്തിലേക്ക് മാർപാപ്പ ഔദ്യോഗികമായി ആനയിക്കപ്പെടുമ്പോൾ ലോകം ഉറ്റുനോക്കുന്നത് ആധുനികലോകത്ത് സഭ നേരിടുന്ന വെല്ലുവിളികളെ അദ്ദേഹം എങ്ങനെ അഭിമുഖീകരിക്കും എന്നാണ്. അതിനുള്ള ഉത്തരം മാർപാപ്പ ഇതിനകം നല്കിക്കഴിഞ്ഞിരിക്കുന്നു എന്നതാണു വാസ്തവം. ഫ്രാൻസീസ് എന്ന പേരു സ്വീകരിച്ചതിലൂടെതന്നെ അദ്ദേഹം തന്റെ യാത്രയുടെ ദിശ വ്യക്തമാക്കുന്നു. സമ്പത്തും അധികാരവും ആർഭാടവും ലൗകികബന്ധങ്ങളുമെല്ലാം ഉപേക്ഷിച്ച് പാവങ്ങൾക്കും പരിത്യക്തർക്കുംവേണ്ടി ജീവിതം സമർപ്പിച്ച അസീസിയിലെ വിശുദ്ധ ഫ്രാൻസീസിനെ മാർഗദർശിയായി കാണുന്നതിലൂടെ താൻ ആരുടെ ഒപ്പമാണെന്നും സഭ ആരുടെ ഒപ്പമായിരിക്കണമെന്നും വ്യക്തമാക്കുകയാണദ്ദേഹം.

സഭയെയും സഭാധികാരത്തെയും സഭാധികാരികളെയും ലോകം കാണുന്നതിൽ നിന്നു വ്യത്യസ്തമായി കാണുകയാണു ഫ്രാൻസിസ് മാർപാപ്പ.

ഫ്രാൻസിസ് മാർപാപ്പയുടെ ലാളിത്യത്തെയും അദ്ദേഹത്തിനു പാവപ്പെട്ടവരോടുള്ള ആഭിമുഖ്യത്തെയുമൊക്കെ മാധ്യമങ്ങളും ലോകനേതാക്കളും സഭാനേതാക്കളുമൊക്കെ വാഴ്ത്തുന്നുണ്ട്. വാഴ്ത്താൻ എളുപ്പമാണ്. ആ വാഴ്ത്തലും പുകഴ്ത്തലുമൊക്കെ ഇനി ഏറെയുണ്ടാവും അതൊരു ഫാഷനായിതന്നെ മാറും. എന്നാൽ മാർപാപ്പ കാട്ടിത്തരുന്ന ആ പാതയിലൂടെ മുന്നേറാൻ ഇവരൊക്കെ തയ്യാറാവുമോ എന്നതാണു കണ്ടറിയേണ്ട കാര്യം. ഫ്രാൻസിസ് പാപ്പ ഉയർത്തിക്കാട്ടുന്നത് ഉപരിപ്ലവമായ വിശ്വാസവും പരസ്നേഹവുമല്ല, ഉദാത്തമായ ഉപവിയാണ് .





### മലയാളമനോരമ (മാർച്ച് 14)

ലോകത്തിലെ ഏറ്റവും ചെറിയ രാഷ്ട്രത്തിന്റെ തലവനെ തിരഞ്ഞെടുക്കുന്ന പ്രക്രിയയ്ക്കു മുന്നിൽ ലോകം മുഴുവൻ കണ്ണും കാതും തുറന്നുവച്ചതിന്റെ പൊരുൾ വ്യക്തമാണ്. വത്തിക്കാൻ എന്ന സ്വതന്ത്ര രാഷ്ട്രത്തിന്റെ ഈ തലവൻ ഇരുപത്തിയൊന്നാം നൂറ്റാണ്ടിനു വെളിച്ചമാവേണ്ട ധാർമിക ദർശനങ്ങളുടെ പ്രതീകം കൂടിയാണ്. മാർപാപ്പയുടെ ശബ്ദം പ്രത്യയശാസ്ത്രങ്ങളുടെ അതിരുകളില്ലാതെ ലോകം ശ്രദ്ധിക്കുമ്പോൾ അതിലൂടെ മാറ്റൊലിക്കൊള്ളുന്നതു ലോകമനഃസാക്ഷിയുടെ ശബ്ദം തന്നെയാവുന്നു. അതിൽ മുഴങ്ങുന്നതാവട്ടെ മാനവികതയുടെയും നീതിയുടെയും സമാധാനത്തിന്റെയും ശാശ്വത പാഠങ്ങളും വിശ്വാസജീവിതത്തിലും സനാതനമൂല്യങ്ങളിലും ചോർച്ചയുളവാക്കുന്ന പുതിയ പ്രവണതകളെ പുതിയ പാപ്പ അഭിസംബോധന ചെയ്യാതിരിക്കില്ല. ലോകത്തിലെ ഏറ്റവും ചെറിയ രാഷ്ട്രമാണെങ്കിലും വത്തിക്കാനെ ലോകരാഷ്ട്രങ്ങൾക്കിടയിൽ പ്രസക്തമായ നയതന്ത്രസാന്നിധ്യമായി നിലനിർത്തുക എന്ന ദൗത്യം രാഷ്ട്രത്തലവനെന്ന നിലയിൽ മാർപാപ്പയിൽ നിക്ഷിപ്തമാണ്.

സാർവ്വത്രിക വിശ്വാസത്തിന്റെ പാറയിൽ സ്ഥാപിതമായ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ ആരൂഢനാകുന്ന മാർപാപ്പയ്ക്ക് ലോകമെമ്പാടുമുള്ള സ്വീകാര്യത നയതന്ത്രത്തിനുപരിയായ ധാർമികശക്തി കൂടിയാണെന്നത് ഇത്തരം ദൗത്യങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

ആധുനിക കാലത്തിന്റെ ആവശ്യങ്ങളെയും അനിവാര്യതകളെയും പുതിയ പാപ്പ എങ്ങനെ വിലയിരുത്തുന്നുവെന്നും അവയോട് എങ്ങനെ പ്രതികരിക്കുന്നുവെന്നും ഇനിയുള്ള നാളുകളിൽ ലോകം കാതോർക്കും. നന്മയിൽ വിശ്വസിക്കുന്ന സമസ്ത ജനവിഭാഗങ്ങളും അദ്ദേഹത്തിന്റെ ധാർമ്മിക ശബ്ദത്തിൽ തങ്ങളുടെ മനഃസാക്ഷിയുടെ ശബ്ദം തിരിച്ചറിയാതിരിക്കില്ല.

### മാതൃഭൂമി (മാർച്ച് 15)

വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങളി'ലെ മെത്രാനെ അനുസ്മരിപ്പിക്കുംവിധം ബിഷപ്പുമാരുടെ വസതി ഉപേക്ഷിച്ച് ബ്യൂണസ് ഐറിസിലെ ഒരു ചെറിയ ഫ്ളാറ്റിൽ സ്വന്തമായി ഭക്ഷണം പാചകംചെയ്തായിരുന്നു അദ്ദേഹം കഴിഞ്ഞിരുന്നത്. കൂടാതെ യാത്ര ചെയ്യാനായി അദ്ദേഹം ബസ്സുപോലെയുള്ള പൊതുവാഹനങ്ങളാണ് തിരഞ്ഞെടുക്കാറ്. ആഗോളവത്ക്കരണത്തിന്റെ വിപത്തുകൾക്കെതിരെയും സമ്പത്തിന്റെ അസന്തുലിതമായ വിഭജനം പട്ടിണിപ്പാവങ്ങളെ സൃഷ്ടിക്കുന്നതിനെതിരെയും നിലപാടെടുക്കാൻ അദ്ദേഹം ഒരിക്കലും മടിച്ചുനിന്നിട്ടുമില്ല.

ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്കെതിരെയുള്ള സർക്കാരിന്റെ നയങ്ങളെ അംഗീകരിക്കാൻ കർദിനാൾ ബെർഗോളിയോ ഒരിക്കലും കൂട്ടാക്കിയിരുന്നില്ല. അദ്ദേഹം വിമോചന ദൈവശാസ്ത്രത്തിൽ നിന്ന് സുരക്ഷിതമായ അകലം പാലിച്ചു. പാവങ്ങളുടെ പക്ഷം ചേരുമ്പോഴും അവരെ ധാർമികത

യിലും സത്യത്തിലും വളർത്താനുതകുന്ന പഠനങ്ങളിൽ അദ്ദേഹം ശ്രദ്ധ കൊടുത്തിരുന്നു. പത്രോസിന്റെ പാദുകങ്ങളിൽ പാദങ്ങൾ കടത്തിയിരിക്കുന്ന ഫ്രാൻസിസ് മാർപാപ്പയ്ക്ക് ലോകത്ത് മതസൗഹാർദത്തിന്റെയും സമാധാനത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും പുതുയുഗപ്പിറവിക്ക് ആക്കം കൂട്ടാനാകട്ടെ.

**മംഗളം (മാർച്ച് 15)**

വിമോചന ദൈവശാസ്ത്രത്തെ തിരസ്കരിക്കുമ്പോഴും യാഥാസ്ഥിതിക ചിന്താഗതി അദ്ദേഹത്തെ തൊട്ടുതീണ്ടിയിട്ടില്ല. അടിച്ചമർത്തപ്പെട്ടവരുടെ വിമോചനത്തിനും സാമൂഹിക നീതിക്കും വേണ്ടി അദ്ദേഹം അതിശക്തമായി പൊരുതി.

ആഡംബരത്തിന്റെയും സാമൂഹിക പ്രശ്നങ്ങളോടുള്ള ആലസ്യമാർന്ന നിലപാടുകളുടെയും വലയങ്ങളിൽപ്പെട്ട ആധുനിക ജീവിതത്തിലെ അപകടകരമായ പ്രവണതകളിൽ നിന്നും സഭയേയും സമൂഹത്തെയും ആധ്യാത്മികമൂല്യവും ആത്മാർത്ഥതയും അർപ്പണബോധവുമുള്ള തലങ്ങളിലേക്കു നയിക്കാൻ പുതിയ മാർപാപ്പയ്ക്കു കഴിയട്ടെ.

**വീക്ഷണം (മാർച്ച് 15)**

ആധുനികതയും പാരമ്പര്യവും സമന്വയിപ്പിച്ച് വിശ്വാസീസമൂഹത്തിന് തികച്ചും നൂതനവും പ്രായോഗികവുമായ ഒരു ജീവിതക്രമം അനുശാസിക്കാൻ പുതിയ പാപ്പയ്ക്ക് കഴിയുമെന്നാണ് പ്രത്യാശ. കുടുംബബന്ധങ്ങളുടെ പരിപാവനത്വത്തെക്കുറിച്ച് തീവ്രമായ വിശ്വാസമുള്ള അദ്ദേഹം സ്വവർഗാനുരാഗവും സ്വവർഗ വിവാഹവും കുടുംബസംവിധാനത്തിൽ താളക്കേട് ഉണ്ടാക്കുമെന്ന് വിശ്വസിക്കുന്നു.

**ദേശാഭിമാനി (മാർച്ച് 15)**

അർജന്റീനയിൽ നിന്നെത്തിയ പാപ്പ ലോകത്തിന് അവശ്യം വേണ്ടതായ ഒരു രാഷ്ട്രീയസന്ദേശം കൂടിയായിത്തീരും. ആഗോളീകരണത്തിന്റെയും മൂലധനാധിപത്യത്തിന്റെയും കെടുതിയിൽ കാണാത്ത ബദലുകൾ തേടുന്ന ലോകത്തിന് മൂന്നാം ലോക രാഷ്ട്രത്തു നിന്നെത്തിയ പാപ്പ സമാശ്വാസത്തിന്റെ സുവിശേഷമായിത്തീരും. മൗലികമായ തത്വങ്ങളിൽ വിട്ടുവീഴ്ചയില്ലാതെയുള്ള നവീകരണമായിരിക്കും പുതിയ പാപ്പയുടേത്.

നീതിയിലധിഷ്ഠിതമായ സമാധാനത്തിനുവേണ്ടിയാണ് ലോകം ദാഹിക്കുന്നത്. അത് സാക്ഷാൽക്കരിക്കുന്നതിനുള്ള പ്രവർത്തനത്തിൽ ധാർമികതയുടെ മഹാശക്തിയായി പ്രവർത്തിക്കേണ്ട ആളാണ് മാർപാപ്പ

പാവങ്ങൾക്കും ചൂഷിതർക്കും വേണ്ടി നിലകൊള്ളേണ്ട ക്രിസ്തുവിന്റെ സഭയുടെ ഭാവി അവർക്കിടയിൽത്തന്നെയാണ് . സാമൂഹ്യനീതിയുടെ സുവിശേഷം പ്രോഘോഷിക്കപ്പെടേണ്ടത് ഉയിർക്കുമെന്ന പ്രതീക്ഷയിൽ കഴിയുന്ന മർദിതർക്കിടയിലാണ്. വരും ദിവസങ്ങളിൽ നിലപാടുകൾ കൂടുതൽ വ്യക്തമാകുമ്പോൾ ലോകം പ്രതീക്ഷയിലാണ്.





2013



# BISHOP'S Engagements

**2013 APRIL**

| | | |
|---|---|---|
| 1 | | Kodamthuruth |
| 3 | AM | Vestition SABS, Arogyapuram |
| 4 | PM | Vocation Camp, St. Mary's Minor Seminary Kalleppully |
| | PM | Kripasadan Malampuzha |
| 6 | AM | *Kudumba Sammelanam* Inauguration, Pastoral Centre |
| 7 | AM | St. Raphael's Cathedral, Palakkad |
| 8 | AM | Jubilee, Seraphic Provincial House, Palakkad |
| 11 | PM | Sehion Retreat Centre, Thavalam |
| 13 | AM | St. Mary's Basilica, Ernakulam |
| 14 | AM | St. Joseph Church, Kanjirapuzha Dam |
| 15 | AM | St. Mary's Polytechnic College, Valliyode |
| | | St. Antony's Church, Valkulambu |
| 16 | AM | Daivadan Centre, Vadakkencherry |
| 18 | AM | St. James the Great Church, Dhoni |
| 20 | AM | St. Antony's Church, Melarkode |
| | | Thamarassery |
| 21 | AM | St. Mary's Church, Kadappara |
| 22 | 3 PM | Presbyteral Council |
| 22-23 | | Trimonthly |

2013



# BISHOP'S Engagements

| | | |
|---|---|---|
| 25 | | Sehion Retreat Centre, Thavalam |
| 27 | AM | St. Mary's Church, Alengad |
| | | Meeting, Pastoral Centre |
| 28 | AM | Good Shepherd Church, Kanjikode |
| | | Sehion Mobile TV Inauguration |
| | PM | St. Joseph Church, Josegiri |
| 29 | PM | Blessing, SDB House, Othungode |
| 30 | PM | Bible Convention, Valliyode |

**2013 MAY**

| | | |
|---|---|---|
| 1 | AM | Christ the King Church, Nemmara |
| | AM | Japamala Rani Church, Chittilamcherry |
| | PM | St. Joseph's Convent, Valliyode |
| 2 | | Meeting, Yuvakshetra |
| 4 | AM | St. Mary's Church, Chittadi |
| | PM | Vestition & Jubilee, Kanjikode |
| 5 | AM | Lourde Matha Forane Church, Vadakkencherry |
| 6 | | Monthly Recolletion, Bishop's House |
| 7 | | Jubilee celebration of Archbishop |
| | | Mar Raphael Cheenath, Thrichur |
| 8 | AM | Ordination, St. Joseph's Church, Ponkandam |
| 9 | PM | Sehion Retreat Centre, Thavalam |








**പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗ്**

പ്രെസ്ബിറ്ററൽ കൗൺസിലിന്റെ അടുത്തസമ്മേളനം ഏപ്രിൽ 22-ാം തിയ്യതി ഉച്ചകഴിഞ്ഞ് 3 മണിക്ക് യുവക്ഷേത്രയിൽ വെച്ച് നടത്തപ്പെടുന്നതാണ്. അംഗങ്ങളെല്ലാവരും അതിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ത്രൈമാസ സമ്മേളനം**

ബഹു. വൈദികരുടെ ത്രൈമാസ സമ്മേളനം ഏപ്രിൽ 22, 23 തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽ വെച്ച് നടത്തപ്പെടുന്നതാണ്. എല്ലാ രൂപതാ വൈദികരും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മാസധ്യാനം**

മെയ് മാസത്തിലെ വൈദികരുടെ മാസധ്യാനം 6-ാം തിയ്യതി അരമനയിൽ വെച്ച് നടത്തപ്പെടുന്നു.

**പാചകവാതക സബ്സിഡി**

വൈദികമന്ദിരങ്ങൾ കോൺവെന്റുകൾ തുടങ്ങിയ മതസ്ഥാപനങ്ങൾക്കുള്ള പാചകവാതക സിലിണ്ടറുകൾക്ക് കേന്ദ്രഗവൺമെന്റ് സബ്സിഡി അനുവദിച്ച് ഉത്തരവിറക്കി. ഗാർഹിക ഉപഭോക്താക്കൾക്ക് ലഭിക്കുന്ന തോതിലുള്ള സബ്സിഡിയായിരിക്കും ഈ സ്ഥാപനങ്ങൾക്കും ലഭിക്കുക.

**Parish Account Software**

പള്ളികളിലും സ്ഥാപനങ്ങളിലും മറ്റും ഉപയോഗിക്കുവാനുള്ള "Church Accs Plus" പാലക്കാട് ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്നും ലഭ്യമാണ്.

## അഭിനന്ദനങ്ങൾ



ഓപ്പൺ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയുടെ മുംബൈ സൊറാസ്ട്രിയൻ കോളേജിൽ നിന്നും സ്പിരിച്വൽ ഡൈമൻഷൻ ഓഫ് ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ സിസ്റ്റർ സൂസി ചോലങ്കേരി എസ് എ ബി എസിന് പാലക്കാട് രൂപതാംഗങ്ങളുടെ അഭിനന്ദനങ്ങൾ...

## സ്കോളർഷിപ്പുകിട്ടി പഠിക്കുവാനുള്ള അവസരം

“Daughters of Mary Immaculate and Collaborators (DMI) and Missionaries of Mary Immaculate and Collaborators (MMI) are international Catholic religious congregations, founded by Rev. Fr. Dr. J.E. Arulraj.

With noble purpose of extending Quality Technical Education to the Catholic disadvantaged students, preferentially girl children, we wish to implement the following Assistance Schemes. To implement the same, we request your good selves to recommend five (5) names for admission to BE / B.Tech Degree course in the following branches during 2013-2014.

1. B.E- Computer Science and Engineering
2. B.E- Electronics and Communication Engineering
3. B.E- Electrical and Electronic Engineering
4. B.Tech Information Technology
5. B.E- Electronics and Instrumentation
6. B.E-Automobile Engineering
7. B.E.-Aeronautical Engineering

**Details of the Scheme:**

**Scheme 1: (Free Education):** For those who have secured more than 85% of marks in Mathematics, Physics and Chemistry in H.S.C examinations, the entire fee (boarding, lodging and tuition fee) will be waived and education will be free of cost.

**Scheme 2: (55% Scholarship):** Deserving students with not less than 70 % of Marks in Mathematics, Physics and Chemistry in H.S.C examinations, recommended by you (Bishop), could be given 55% subsidy of the total fee. He or she needs to pay only 45% of the total tuition, boarding and lodging fee of Rs. 65000/- per annum.

**Scheme 3: (Study now; pay later):** Eligibility marks: 70% in Mathematics, Physics and Chemistry in H.S.C. Examinations





Repayment: After securing a job or 1 year after course completion whichever is earlier

Period of Repayment: 2 year Rate of Interest: Nil

Mode of Assistance:

1. Food, Accommodation and Tuition fees (as prescribed by Govt. for Management seats) will be calculated for the four year study, which has to be paid only after the completion of the course.
2. However, to create in the student, a sense of commitment and responsibility towards study and discipline, 25% of the actual expenditure per year which might work out to a sum of Rupees twenty five to thirty thousand only, will have to be paid during the period of study, every year.
3. Recommendation for waiver of the above in genuine cases could be considered
4. All students, with out exception, will have to pay for the examination fee and sundry expenses.
5. The students and their parents have to give an undertaking, legally binding for this purpose
6. Student’s performance in the University examinations and his/her discipline should be satisfactory.

**Scheme 4: (Higher Studies):** For deserving students, the opportunity for pursuing Post Graduate course after the completion of the U.G. Course may be considered as per the terms and conditions of Schemes 3.

Enclosures required with the application (Indicating Scheme recommended):

1. Student Bio-data and Statement of marks
2. Recommendation letter of the Archbishop/Bishop/Major Superior (not binding you in any way)
3. Letter from the Parish Priest

Applications, responses and queries are welcome *only in writing* to the following address by **31st May 2013:**

**“Rev. Mother Virginammal Education Assistance Scheme”** DMI Foundations, Magazine Road, St. Thomas Mount, Chennai-600 016

**P.S.** As limited seats are only available, we are making this offer to the esteemed Bishops and Major Superiors only on first come-first served basis.”

**ഇത് സംബന്ധിച്ചുള്ള കൂടുതൽവിവരങ്ങൾക്ക് രൂപതാകേന്ദ്രവുമായി ബന്ധപ്പെടുക.**

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-May-13 | WED | Rev. Fr. Olakkengil Viani |
| 2-May-13 | THU | Rev. Fr. Ollukaran Vincent |
| 3-May-13 | FRI | Rev. Fr. Palathinkal Abraham |
| 4-May-13 | SAT | Rev. Fr. Pallineerakkal Jaimon |
| 6-May-13 | MON | Rev. Fr. Panapparambil Joseph |
| 7-May-13 | TUE | Rev. Fr. Parayil Jijo |
| 8-May-13 | WED | Rev. Fr. Perumattil Antony |
| 9-May-13 | THU | Rev. Fr. Perumbillil George |
| 10-May-13 | FRI | Rev. Fr. Plathottathil Biju |
| 11-May-13 | SAT | Rev. Fr. Plathottathil Jinse |
| 13-May-13 | MON | Rev. Fr. Ponmani Jose |
| 14-May-13 | TUE | Rev. Fr. Potteparambil Jose |
| 15-May-13 | WED | Rev. Fr. Poovathanikunnel Jacob |
| 16-May-13 | THU | Rev. Fr. Pulickathazhe Sebastian |
| 17-May-13 | FRI | Rev. Fr. Pulikottil Joshy |
| 18-May-13 | SAT | Rev. Fr. Pullukalayil Reny |
| 20-May-13 | MON | Rev.Fr. Puramadathil Jino |
| 21-May-13 | TUE | Rev.Fr. Puthenpurayil Joshy |
| 22-May-13 | WED | Rev. Fr. Puthukara John |
| 23-May-13 | THU | Rev. Fr. Thaikattil Anto |
| 24-May-13 | FRI | Rev. Fr. Thamarassery Sebastian |
| 25-May-13 | SAT | Rev. Fr. Thanickal Thomas |
| 27-May-13 | MON | Rev. Fr. Tharaniyil Paul |
| 28-May-13 | TUE | Rev. Fr. Thattil Martin |
| 29-May-13 | WED | Rev. Fr. Thekkumkattil Jomy |
| 30-May-13 | THU | Rev. Fr. Theruvankunnel George |
| 31-May-13 | FRI | Rev. Fr. Thoonikavil Jose Prakash |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

**email: catechismpalghat@gmail.com, website: www.catechismpalghat.org**

**റീ. എക്സാമിനേഷൻ**

II HDC ക്ലാസ്സുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ എക്സാമിനേഷൻ **ഏപ്രിൽ 7–ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും. ഏപ്രിൽ 8–ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

10–ാം ക്ലാസ്സിന്റെ റീ എക്സാം മെയ് 5–ാം തീയതി നടത്തപ്പെടുന്നു. മെയ് 6–ാം തീയതി തിങ്കളാഴ്ച്ച തന്നെ ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതത് ഫൊറോനകളുടെ വിഷൻ ക്യാമ്പ് സമാപിക്കുമ്പോൾ റിസൾട്ട് നൽകുന്നതാണ്. റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ ഏപ്രിൽ 28–ാം തീയതിക്ക് മുമ്പായി മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV,VII,X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 13–ാം തിയ്യതി ശനിയാഴ്ചയാണ്. സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത് ഫൊറോനാ വിശ്വാസപരിശീലന ഡയറക്ടറുടെ നേതൃത്വത്തിലായിരിക്കും. സമയം രാവിലെ 10 മുതൽ 12.30 വരെ.

**ക്ലാസ്സ് VII, X പഠനഭാഗം :** പാഠപുസ്തകം – 65 മാർക്ക്, ബൈബിൾ – 25 മാർക്ക് (പുറപ്പാട് 25–40, മർക്കോസ് 1–16 അദ്ധ്യായങ്ങൾ), പൊതുവിജ്ഞാനം – 10 മാർക്ക്.

**ക്ലാസ്സ് IV പഠനഭാഗം :** പാഠപുസ്തകം, നമസ്ക്കാരം – 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം – 25 മാർക്ക്, സഭാസംബന്ധമായ പൊതുവിജ്ഞാനം – 10 മാർക്ക്

ഉത്തരക്കടലാസുകൾ ഏപ്രിൽ 15 ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | ഫൊറോനപാരിഷ്ഹാൾ |
| മംഗലം ഡാം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മണ്ണാർക്കാട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മേലാർക്കോട് ഫൊറോന | ചിറ്റിലഞ്ചേരി പാരിഷ്ഹാൾ |
| ഒലവക്കോട് ഫൊറോന | സെന്റ് തോമസ് സ്കൂൾ ഒലവക്കോട് |

| | |
|---|---|
| ഒറ്റപ്പാലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| പാലക്കാട് ഫൊറോന | കത്തിഡ്രൽ സ്കൂൾ |
| പൊന്നംകോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| തത്തമംഗലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| താവളം ഫൊറോന | കൂക്കംപാളയം സ്കൂൾ |
| വടക്കഞ്ചേരി ഫൊറോന | ചെറുപുഷ്പം സ്കൂൾ |

**മൂല്യനിർണ്ണയം**

സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണ്ണയം ഏപ്രിൽ 28-ാംതിയ്യതി ഞായറാഴ്ച 10.00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി പാസ്റ്ററൽ സെന്ററിൽ വച്ച് രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധനകേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് വിഷൻക്യാമ്പിന്റെ ബ്രോഷർ കാണുക.

ക്യാമ്പുകൾ നടക്കുന്ന തിയ്യതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| **ഏപ്രിൽ 1 - 2** | വടക്കഞ്ചേരി ഫൊറോന |
| **ഏപ്രിൽ 4 - 5** | മണ്ണാർക്കാട്, മേലാർക്കോട് ഫൊറോനകൾ |
| **ഏപ്രിൽ 8 - 9** | കാഞ്ഞിരപ്പുഴ ഫൊറോന |
| **ഏപ്രിൽ 10 - 11** | പൊന്നംകോട് ഫൊറോന |
| **ഏപ്രിൽ 12 - 13** | താവളം ഫൊറോന (സ്ഥലം: ഫൊറോന പാരിഷ് ഹാൾ) |
| **ഏപ്രിൽ 15 - 16** | മംഗലംഡാം ഫൊറോന |
| **ഏപ്രിൽ 18 - 19** | പാലക്കാട് ഫൊറോന |
| **ഏപ്രിൽ 22 - 23** | തത്തമംഗലം, ഒറ്റപ്പാലം ഫൊറോനകൾ |
| **ഏപ്രിൽ 25 - 26** | ഒലവക്കോട് ഫൊറോന |

ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് 125 രൂപയാണ് രജി. ഫീസ്.

**ഫോറോന കൗൺസിൽ സ്ഥലവും തിയ്യതിയും**

പുതിയ വിശ്വാസ പരിശീലന അദ്ധ്യായന വർഷത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ഒരുക്കങ്ങൾ നടത്താനും 2013 ഏപ്രിൽ 23 ന്





മൂന്നു വർഷത്തെ കാലാവധി പൂർത്തിയാക്കുന്ന ഇപ്പോഴത്തെ ഫൊറോന രൂപതാ കൗൺസിൽ അംഗങ്ങളുടെ കാലാവധി തീരുന്നതിലേക്കുള്ള ഒഴിവിലേക്ക് പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി ഫൊറോനാതലത്തിൽ കൗൺസിലുകൾ നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും വികാരി, HM, Secretary എന്നിവരാണ് ഫൊറോന കൗൺസിലിൽ സംമ്പന്ധിക്കേണ്ടത്. കൗൺസിലുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഏപ്രിൽ 6 ശനി | ഒലവക്കോട് ഫൊറോന |
| | (10.00 am to 12.00 pm, ഫൊറോന പള്ളി) |
| | പൊന്നംകോട് ഫൊറോന |
| | (2.30 pm to 4.00 pm, ഫൊറോനപള്ളി) |
| ഏപ്രിൽ 13 ശനി | മണ്ണാർക്കാട് ഫൊറോന |
| | (10.00 am to 12.00 pm, ഫൊറോന പള്ളി) |
| | കാഞ്ഞിരപ്പുഴ ഫൊറോന |
| | (2.30 pm to 4.00 pm, ഫൊറോന പള്ളി) |
| ഏപ്രിൽ 20 ശനി | മംഗലംഡാം ഫൊറോന |
| | (10.00 am to 12.00 pm, ഫൊറോന പള്ളി) |
| | വടക്കഞ്ചേരി ഫൊറോന |
| | (2.30 pm to 4.00 pm, ഫൊറോന പള്ളി) |

**റെഗുലർസ്കൂൾ സ്കോളർഷിപ്പ് കേന്ദ്രീകൃത മൂല്യനിർണ്ണയം**

റെഗുലർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃതമൂല്യനിർണ്ണയം ഏപ്രിൽ 12-ാം തിയ്യതി വെള്ളിയാഴ്ച **10.00 am** മുതൽ **4.00 pm** വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയക്യാമ്പിൽ സംബന്ധിക്കേണ്ടതാണ് ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**സൺഡേ സ്കൂൾ റിസൾട്ട്**

വേദപാഠ (1-9 ക്ലാസ്സുകൾ) പരീക്ഷയുടെ റിസൾട്ട് ഏപ്രിൽ 15ന് എല്ലാ സൺഡേ സ്കൂളുകളിലും പ്രസിദ്ധീകരിക്കുമല്ലോ.

**സ്കോളാസ്റ്റിക് ടെസ്റ്റ് 2012-2013 പരീക്ഷാഫലം**

| | | | |
|---|---|---|---|
| I | സൈമി തോമസ് | പാലക്കുഴി | 98 |
| II | സെലിൻ സെബാസ്റ്റ്യൻ | ചിറ്റിലഞ്ചേരി | 94 |
| III | മേരിക്കുട്ടി ജോസഫ് | പൂഞ്ചോല | 93 |

**ഫൊറോനതല വിജയികൾ**

| | | | |
|---|---|---|---|
| കാഞ്ഞിരപ്പുഴ | റെജി ജോൺ | പൂഞ്ചോല | 90 |
| മംഗലംഡാം | സി. റൂബി ആന്റോ | മംഗലംഡാം | 83 |

| | | | |
|---|---|---|---|
| മണ്ണാർക്കാട് | സി. ക്ലെയർ റോസ് OSF | പുല്ലിശ്ശേരി | 86 |
| മേലാർക്കോട് | സി. ലയോള | നെന്മാറ | 73 |
| ഒലവക്കോട് | സി. ഹെൽന | പുലാപ്പറ്റ | 87 |
| ഒറ്റപ്പാലം | ആൻസി ജോസ് | കടമ്പഴിപ്പുറം | 89 |
| പാലക്കാട് | പ്രിൻസി ബാബു | കത്തീഡ്രൽ | 89 |
| പൊന്നംകോട് | സി. ഷാന്റി OSF | അരപ്പാറ | 89 |
| തത്തമംഗലം | ബീന ഷിബി | പരുത്തിക്കാട് | 73 |
| | മാഗി ജോൺ | അമ്പാട്ടുപാളയം | 76 |
| താവളം | ബ്ലെസി അബ്രാഹം | കാരറ | 81 |
| വടക്കഞ്ചേരി | മേരി മാത്യു | വാൽക്കുളമ്പ് | 90 |

ബ്രാക്കറ്റിൽ നിന്നും തിരഞ്ഞെടുത്തെഴുതേണ്ട ഉത്തരങ്ങളായിരുന്നതിനാൽ അക്ഷരത്തെറ്റുള്ള ഉത്തരങ്ങൾ പരിഗണിച്ചിട്ടില്ല.

**സ്കൊളാസ്റ്റിക് ടെസ്റ്റ് ഉത്തരങ്ങൾ**

1. നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം
2. സോസോ 106
3. സുറിയാനി
4. യേശു
5. മനുഷ്യാവതാരത്തിന്റെ മഹത്വം
6. യേശുവിന്റെ മനുഷ്യാവതാരത്തിൽ
7. നിഖ്യാ സൂനഹദോസ്
8. റോമ 8:3, ഗലാ 4:4
9. വി. ഇരണേവൂസ്
10. പാന്റോൺ ടോൺ അയോക്കോണിയോൺ
11. 451
12. ജ്ഞാനവാദികൾ
13. എബിയോണൈറ്റുകൾ
14. മത്തായി 26:38
15. വി. ഗ്രിഗറി നസിയാൻസന്റെ
16. ജാൻസെനിസം
17. വെളിപാട്
18. കേറെഹ്
19. അഭിഷിക്തൻ
20. ആരിയൂസ്





21. യഷ്
22. സങ്കീർത്തനം 51;5
23. വി. ബൊനവെഞ്ചർ
24. മൗതികശരീരം
25. മനുഷ്യാവതാരം ചെയ്യുന്ന ആളും മനുഷ്യാവതാരം എന്ന പ്രവൃത്തി ും
26. സ്വഭാവരൂപവത്കരണം
27. ഈശ്വരാനുഭവം
28. ബൗദ്ധിക, ആദ്ധ്യാത്മിക, വൈകാരിക, ശാരീരിക തലങ്ങൾ
29. ലൂക്ക 2:52
30. ആർച്ച് ബിഷപ്പ് സാൽവത്തോരെ പെനാക്കിയോ
31. ബി.സി. 22
32. 303
33. ജനുവരി 20
34. ഫെർഡിനന്റ്
35. ജൂൺ 13
36. വി. അകിനാസ്
37. 1535 ജൂൺ 6
38. 1897 സെപ്റ്റംബർ 30
39. വി. ജോൺ ബർക്കുമൻസ്
40. കാരിത്താസ് ഇൻ വേരിത്താത്തെ
41. ബനഡിക്ട് 14-ാമൻ
42. രണ്ട്
43. പോർച്ചുഗൽ
44. പോൾ ആറാമൻ
45. വി. ലോറൻസ് ബ്രാൻസീസി
46. 1214
47. നഫ്താലി
48. പത്രോസ്
49. അന്ത്രയോസ്
50. എ.ഡി. 67 ജൂൺ 29
51. യാക്കോബ്
52. ഡിസംബർ 27
53. എ.ഡി. 62 ൽ
54. ഡൊമീഷൻ
55. ബെത്സെയ്ദാ
56. മനാസ്സെ
57. എ.ഡി. 62 ഏപ്രിൽ 10
58. പേർഷ്യ
59. പലസ്തീനാ
60. നാല് തവണ
61. 12-ാം പിയൂസ് 1955 മെയ് 1
62. ഏഴ്
63. എ.ഡി. 35
64. എ.ഡി. 283
65. എ.ഡി. 325 ലെ നിഖ്യാസൂനഹദോസ്
66. മനിക്കേയിസം
67. ഈശോസഭാംഗം
68. 14-ാം സങ്കീർത്തനം
69. 1259
70. 1874 ഏപ്രിൽ 3
71. ക്ലെമന്റ് 12-ാമൻ പാപ്പ, 1737
72. 1815 ആഗസ്റ്റ് 13
73. 1932 ജൂൺ 24
74. മൂന്നാം പൗലോസ് പാപ്പ
75. 17
76. ഗ്രിഗറി 15-ാമൻ പാപ്പ
77. ലെയോ 13-ാമൻ പാപ്പ
78. 11-ാം പിയൂസ് പാപ്പ
79. 12-ാം പിയൂസ്, ജൂൺ 24 ന്
80. 9
81. 1857 മാർച്ച് 9

82. മിലാൻ
83. ആറ്
84. 1917 നവംബർ 11-ാം തീയതി
85. ദൈവമാതാവിനോട്
86. യോഹ. 12:24
87. 11;1816 ൽ
88. 1926 ജൂൺ 8
89. 2006 ഡിസംബർ 6
90. 2006 ഏപ്രിൽ 30
91. 3 ആയി Constitutuions, decrees,
92. റവ. ഡോ. ജോർജ്ജ് മഠത്തികണ്ടത്തിൽ
93. വി. ശിമയോൻ
94. നീലകണ്ഠപ്പിള്ള
95. 1992
96. സഭയെ
97. റവ. ഡോ. ആന്റണി കൊള്ളന്നൂർ
98. 118
99. വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ
100. കർദ്ദിനാൾ ആൻജലോ സൊഡാനോ

### II HDC പരീക്ഷാഫലം 2012-2013

| ഇടവക | പരീക്ഷ എഴുതിയവർ | പാസ്സായവർ | ഡിസ്റ്റിൻഷൻ | ഫസ്റ്റ് ക്ലാസ് | ശതമാനം |
|---|---|---|---|---|---|
| **കാഞ്ഞിരപ്പുഴ ഫൊറോന** | | | | | |
| കാഞ്ഞിരപ്പുഴ | 18 | 16 | 3 | 4 | 89 |
| ചീനിക്കപ്പാറ | 6 | 6 | – | 5 | 100 |
| ഇരുമ്പകച്ചോല | 10 | 10 | 4 | 4 | 100 |
| പാലക്കയം | 11 | 11 | – | 8 | 100 |
| പൂഞ്ചോല | 3 | 3 | 1 | 2 | 100 |
| വഴിക്കടവ് | 3 | 3 | – | 1 | 100 |
| **മംഗലംഡാം ഫൊറോന** | | | | | |
| മംഗലംഡാം | 22 | 22 | 6 | 8 | 100 |
| മരിയനഗർ ചിറ്റടി | 5 | 4 | 1 | 3 | 80 |
| മേരിലാന്റ് ചിറ്റടി | 3 | 3 | 1 | 2 | 100 |
| ഇളവംപാടം | 8 | 6 | – | 4 | 75 |
| കടപ്പാറ | 6 | 6 | 2 | 2 | 100 |
| ബാലേശ്വരം | 5 | 5 | – | 5 | 100 |
| കരിങ്കയം | 4 | 4 | 1 | 2 | 100 |
| നീതിപുരം | 7 | 7 | 4 | 3 | 100 |
| ഒലിപ്പാറ | 15 | 15 | 1 | 6 | 100 |
| പൊൻകണ്ടം | 6 | 6 | 1 | 2 | 100 |





| | | | | | |
|---|---|---|---|---|---|
| **മണ്ണാർക്കാട് ഫൊറോന** | | | | | |
| മണ്ണാർക്കാട് | 22 | 22 | 1 | 7 | 100 |
| ആനമൂളി | 2 | 2 | – | – | 100 |
| എടത്തനാട്ടുകര | 9 | 9 | 3 | 2 | 100 |
| കൈതച്ചിറ | 3 | 3 | – | 1 | 100 |
| കാരാപ്പാടം | 10 | 9 | 3 | 4 | 90 |
| മെഴുകുംപാറ | 2 | 2 | – | 2 | 100 |
| ശ്രീകൃഷ്ണപുരം | 12 | 12 | 1 | 8 | 100 |
| തിരുവിഴാംകുന്ന് | 6 | 5 | – | 1 | 83 |
| **മേലാർക്കോട്ഫൊറോന** | | | | | |
| മേലാർക്കോട് | 10 | 10 | 1 | 6 | 100 |
| ആലത്തൂർ | 1 | 1 | – | 1 | 100 |
| നെന്മാറ | 8 | 8 | 3 | 3 | 100 |
| പോത്തുണ്ടി | 4 | 4 | – | 4 | 100 |
| ചിറ്റിലഞ്ചേരി | 4 | 4 | 1 | 3 | 100 |
| നെല്ലിയാമ്പതി | 2 | 2 | – | 1 | 100 |
| **ഒലവക്കോട്ഫൊറോന** | | | | | |
| ഒലവക്കോട് | 16 | 16 | 1 | 8 | 100 |
| അകമലവാരം | 5 | 5 | 2 | 2 | 100 |
| ആനക്കല്ല് | 1 | 1 | – | 1 | 100 |
| ധോണി | 3 | 3 | – | 2 | 100 |
| സെന്റ് ജൂഡ് മലമ്പുഴ | 6 | 6 | – | 2 | 100 |
| മുണ്ടൂർ | 4 | 4 | – | 4 | 100 |
| മൈലംപുള്ളി | 9 | 9 | 2 | 4 | 100 |
| ഞാറക്കോട് | 3 | 3 | 1 | 2 | 100 |
| പുലാപ്പറ്റ | 14 | 12 | – | 5 | 86 |
| **ഒറ്റപ്പാലം ഫൊറോന** | | | | | |
| ഒറ്റപ്പാലം | 1 | 1 | – | – | 100 |
| ആലങ്ങാട് | 2 | 2 | – | 1 | 100 |
| ചെർപ്പുളശ്ശേരി | – | – | – | – | – |
| കടമ്പൂർ | 8 | 8 | 4 | 4 | 100 |
| കടമ്പഴിപ്പുറം | 8 | 8 | 4 | 3 | 100 |
| കേരളശ്ശേരി | 2 | 2 | – | – | 100 |
| കൂനത്തറ | 9 | 9 | 1 | 2 | 100 |

| | | | | | |
|---|---|---|---|---|---|
| കുളക്കാട്ടുക്കുറുശ്ശി | 4 | 3 | – | – | 75 |
| പാലപ്പുറം | 9 | 9 | – | 3 | 100 |
| പട്ടാമ്പി | 6 | 6 | 2 | 3 | 100 |
| ഷൊർണൂർ | 4 | 4 | – | 2 | 100 |
| **പാലക്കാട് ഫൊറോന** | | | | | |
| കത്തീഡ്രൽ | 25 | 25 | 2 | 16 | 100 |
| ചന്ദ്രനഗർ | 7 | 7 | 5 | 2 | 100 |
| കല്ലേപ്പുള്ളി | 4 | 4 | 1 | 3 | 100 |
| കല്ലേക്കാട് | 5 | 5 | 2 | 2 | 100 |
| കഞ്ചിക്കോട് | 12 | 12 | 8 | 4 | 100 |
| കൊടുന്തിരപ്പുള്ളി | 4 | 4 | 1 | 1 | 100 |
| കോട്ടായി | 1 | 1 | – | 1 | 100 |
| ടൗൺചർച്ച് | 6 | 6 | – | 1 | 100 |
| യാക്കര | 7 | 7 | 1 | 4 | 100 |
| വാളയാർ | 4 | 4 | 2 | 2 | 100 |
| കല്ലേപ്പുള്ളി സെമിനാരി | 12 | 12 | 4 | 8 | 100 |
| **പൊന്നങ്കോട് ഫൊറോന** | | | | | |
| പൊന്നംങ്കോട് | 20 | 20 | 2 | 4 | 100 |
| അരപ്പാറ | 8 | 5 | – | 1 | 63 |
| ചുള്ളിയാംകുളം | 8 | 7 | 2 | 5 | 88 |
| കല്ലടിക്കോട് | 7 | 7 | 1 | 3 | 100 |
| കരിമ്പ | 16 | 16 | 2 | 8 | 100 |
| നിരവ് | 5 | 5 | 1 | 2 | 100 |
| പൊമ്പ്ര | 1 | 1 | – | – | 100 |
| **തത്തമംഗലം ഫൊറോന** | | | | | |
| തത്തമംഗലം | 9 | 9 | 4 | 5 | 100 |
| കൊല്ലങ്കോട് | 2 | 2 | 2 | – | 100 |
| കൊടുവായൂർ | 2 | 2 | 1 | 1 | 100 |
| കൊഴിഞ്ഞാമ്പാറ | 4 | 4 | 2 | 1 | 100 |
| മൂച്ചംകുണ്ട് | 2 | 2 | – | 2 | 100 |
| **താവളം ഫൊറോന** | | | | | |
| താവളം | 8 | 7 | 1 | 2 | 88 |
| അഗളി | 14 | 13 | 1 | 5 | 93 |
| ചിറ്റൂർ | 6 | 6 | 4 | 1 | 100 |
| ജെല്ലിപ്പാറ | 10 | 10 | – | 10 | 100 |





| | | | | | |
|---|---|---|---|---|---|
| കുറവമ്പാടി | 3 | 3 | – | 1 | 100 |
| കോട്ടത്തറ | 6 | 6 | 4 | 2 | 100 |
| ഷോളയൂർ | 1 | 1 | 1 | – | 100 |
| ത്രിത്വമല | 13 | 13 | 6 | 4 | 100 |
| വയലൂർ | 2 | 2 | – | 2 | 100 |
| **വടക്കഞ്ചേരി ഫൊറോന** | | | | | |
| വടക്കഞ്ചേരി | 26 | 26 | 11 | 12 | 100 |
| ആരോഗ്യപുരം | 9 | 8 | – | 5 | 89 |
| കണ്ണമ്പ്ര | 4 | 4 | 1 | 1 | 100 |
| പാലക്കുഴി | 11 | 11 | 1 | 3 | 100 |
| പനംകുറ്റി | 2 | 2 | – | 1 | 100 |
| പന്തലാംപാടം | 9 | 9 | 1 | 6 | 100 |
| പഴമ്പാലക്കോട് | 6 | 6 | 2 | 4 | 100 |
| രാജഗിരി | 11 | 11 | 2 | 9 | 100 |

പരീക്ഷ എഴുതിയവർ 660 പാസായവർ 643
തോറ്റവർ 17 ഡിസ്റ്റിംഗ്ഷൻ 134
ഫസ്റ്റ് ക്ലാസ് 300

**രൂപതാ മതബോധന കൗൺസിൽ**

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 27-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ സംയുക്തമീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ മെമ്പർമാരുടെയും പ്രധാന അധ്യാപകരുടെയും സംയുക്തമീറ്റിംഗ് ഏപ്രിൽ 27-ാം തിയ്യതി ശനിയാഴ്ച 2 pm മുതൽ 4 pm വരെ പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. കഴിഞ്ഞ അധ്യയന വർഷത്തെ വിലയിരുത്തുന്നതിനോടൊപ്പം പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയെന്നതും കൗൺസിലിന്റെ ലക്ഷ്യമാണ്.എല്ലാ പ്രധാന അധ്യാപകരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.

**Writers' Hunt**

സാഹിത്യ മേഖലയോട് അഭിരുചിയുള്ള, സാഹിത്യ വാസന പേറുന്നവർക്കായി ഏകദിന ശിൽപശാല 2013 മെയ് 20 ന് പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9.30 ന് നടത്തപ്പെടുന്നു. പങ്കെടുക്കാൻ താൽപര്യപ്പെടുന്നവർ മെയ് 15 നു മുൻപായി വിശ്വാസപരിശീലനവേദിയിൽ വിളിച്ചറിയി

ക്കുക. ഏല്ലാ സാഹിത്യകാരന്മാർക്കും സ്വാഗതം. കൂടുതൽ വിവരങ്ങൾക്ക് ബ്രോഷർ കാണുക.

**എം.എസ്.സി മനഃശാസ്ത്രകോഴ്സ്**

മദ്രാസ് സർവ്വകലാശാലയുടെ രണ്ട് വർഷത്തെ എം.എസ്.സി മനഃശാസ്ത്ര കോഴ്സ് പി.ഒ.സി യിൽ വച്ചു നടത്തപ്പെടുന്നു. 2013 ജൂണിൽ ആരംഭിച്ച് 2015 മാർച്ചിലാണ് കോഴ്സ് അവസാനിക്കുന്നത്. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയുള്ളവർക്കോ ഇപ്പോൾ അവസാനവർഷ ഡിഗ്രിപരീക്ഷ എഴുതിയിരിക്കുന്നവർക്കോ അപേക്ഷിക്കാം. 30 പേർക്ക് മാത്രമാണ് പ്രവേശനം. അൽമായർക്ക് താമസവും ഭക്ഷണവും ഉൾപ്പെടെ കോഴ്സ് സൗജന്യമാണ്. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സ്കൂളുകളിലും സ്ഥാപനങ്ങളിലും മനഃശാസ്ത്ര കൗൺസിലർമാരായി ജോലിസാദ്ധ്യതയുണ്ട്. പാലക്കാട് രൂപതയിൽ നിന്ന് കോഴ്സ് ചെയ്യാൻ താൽപര്യപ്പെടുന്നവർ ഏപ്രിൽ 13 ന് മുൻപായി വിശ്വാസപരിശീലനവേദിയിൽ അറിയിക്കേണ്ടതാണ്.

**സ്റ്റാർസ്**

സ്റ്റാർസ് ബഞ്ച് **ബി**യിലും **സി**യിലും അംഗങ്ങളായിരിക്കുന്നവർക്കുള്ള മൂന്നു ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാം മെയ് 6,7,8 തീയതികളിലായി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകുന്നേരം 3.30 ന് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ മെയ് 1 നു മുൻപായി വിശ്വാസപരിശീലന വേദിയിൽ അറിയിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി



## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2013**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 29-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 30-നും ആയിരിക്കും.

**പഠനഭാഗം**

ലേവ്യർ 1-14, ലൂക്കാ 1-12, യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

**അവാർഡ് ദിനം**

ലോഗോസ് ബൈബിൾ ക്വിസ്സിന്റെ അവാർഡ് ദിനം വരുന്ന വർഷം ജനുവരി രണ്ടാം ശനിയാഴ്ചയായിരിക്കും.

**റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്





## ABA അൾത്താരസംഘം

**അൾത്താരബാലന്മാർക്കുള്ള ധ്യാനം** : അൾത്താരബാലന്മാർക്കുള്ള ധ്യാനം ധോണി മരിയൻ റിന്യൂവൽ സെന്ററിൽവെച്ച് മെയ് 13 മുതൽ 17 വരെയുള്ള തിയ്യതികളിൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ ഏപ്രിൽ 15-ാം തിയ്യതിക്ക് മുൻപായി വിശ്വാസപരിശീലനവേദിയിൽ അറിയിക്കേണ്ടതാണ്.

ABA **കിറ്റ്** : ഇടവകകളിൽ അൾത്താരസംഘത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള കിറ്റ് ഇനിയും വാങ്ങാത്തവർ വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്നും എത്രയും പെട്ടെന്ന് കൈപ്പറ്റേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ



## തിരുബാലസഖ്യം

**വിശുദ്ധർ :** ഏപ്രിൽ 24. വി. ഗീവർഗ്ഗീസ്, ഏപ്രിൽ 25. വാ. കുഞ്ഞച്ചൻ
**പ്രാർത്ഥനാവിഷയം :** എല്ലാ സമർപ്പിതർക്കും വേണ്ടി പ്രാർത്ഥിക്കുക.
**സുകൃതജപം :** എന്റെ ഈശോയേ എന്നെ മുഴുവനും അങ്ങേക്ക് സമർപ്പിക്കുന്നു.
**പ്രവർത്തനങ്ങൾ :** ദൈവാലയ തിരുക്കർമ്മത്തിൽ ഭക്തിപൂർവ്വം പങ്കെടുക്കുക.
**തിരുബാലസഖ്യദിന കളക്ഷൻ** : തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് അന്നേദിനം ഇടവകയിൽ നടത്തിയ കളക്ഷൻ രൂപതയിൽ എത്രയും വേഗം ഏല്പിക്കുമല്ലോ. പാസ്റ്ററൽ സെന്ററിലെ കാറ്റിക്കിസം ഓഫീസിൽ പണം നല്കി രസീത് കൈപ്പറ്റാവുന്നതാണ്.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## കെ. സി. വൈ. എം

കേരള കത്തോലിക്കാ യുവജന പ്രസ്ഥാനം പുതിയ പ്രവർത്തനവർഷത്തിലേക്ക് ചുവട് വെച്ചിരിക്കുന്നു. "വിശ്വാസ യുവത സമഗ്ര പുരോഗതിയ്ക്ക്" എന്ന ആപ്തവാക്യവുമായി 'വിശ്വാസ ജ്വലനം ഇടവകയിൽ', 'പരിസ്ഥിതിയും മനുഷ്യനും', 'ലഹരിക്കെതിരെ ജാഗ്രത' എന്നീ പഠനവിഷയ

ങ്ങളും കൈയ്യിലേന്തി, പ്രസ്ഥാനം തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിരിക്കുന്നു. ഇതുവരെ നൽകിയ എല്ലാ സഹകരണങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് തുടർന്നുള്ള ചുവടുവെപ്പുകളിൽ താങ്കളുടെ എല്ലാവിധ പ്രാർത്ഥനാ സഹായങ്ങളും അഭ്യർത്ഥിക്കുന്നു.

**സ്പെഷ്യൽ സെനറ്റ് ഏപ്രിൽ 13**

കെ.സി.വൈ.എം 2013 പ്രവർത്തനവർഷോദ്ഘാടനവും കർമ്മ പദ്ധതി പ്രകാശനവും ഏപ്രിൽ 13 ന് രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. പുത്തൻ ചൈതന്യവുമായി, പുതിയ കാൽവെപ്പുകളുമായി മുന്നേറുവാൻ എല്ലാ യുവജനനേതാക്കളേയും സെനറ്റിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. 2013 പ്രവർത്തനവർഷത്തിൽ യൂണിറ്റുകളെ നയിക്കുന്ന ഭാരവാഹികൾ ആനിമേറ്ററുടെ നേതൃത്വത്തിൽ സെനറ്റിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രജി. ഫീസ് 200 Per unit

**Encounter**

നോമ്പിന്റെ ചൈതന്യം ഊട്ടിയുറപ്പിക്കാൻ, ലോക യുവജന ദിനത്തിന്റെ ഭാഗമായി രൂപതയിലെ യുവജനങ്ങൾ മാർച്ച് 23-ന് മുണ്ടൂർ St.Alphonse ദേവാലയത്തിൽ വെച്ച് നടന്ന Encounter പരിപാടിയിൽ ഒരുമിച്ചുകൂടി. പ്രസ്തുത പരിപാടിയിൽ ഫാ. അരുൺ കലമറ്റത്തിൽ വചന പ്രഘോഷണം നടത്തി. തുടർന്ന് പ്രാർത്ഥനയും ആരാധനയും നടന്നു. ശേഷം കുരിശിന്റെ വഴിയായി സീനായ് ആശ്രമത്തിലേക്ക് നീങ്ങി. രൂപതാ വികാരി ജനറൽ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി യുവജനങ്ങൾക്ക് പ്രത്യേക സന്ദേശം നൽകി. ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ ഫാ. ജോസ് കൊച്ചുപുരയ്ക്കൽ എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി

എല്ലാ പ്രിയപ്പെട്ടവർക്കും ഉയിർപ്പു തിരുനാളിന്റെ പ്രാർത്ഥനാ മംഗളങ്ങൾ.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ



## മാതൃസംഘം

**മാതൃദിനം**

മെയ്മാസം 2-ാമത്തെ ഞായറാഴ്ച (മെയ് 12) മാതൃദിനമായി ആഘോഷിക്കുകയും അന്നത്തെ സ്തോത്രക്കാഴ്ച്ച മാതൃസംഘം രൂപത പ്രവർത്തനങ്ങൾക്കായി രൂപതയിൽ ഏല്പ്പിക്കേണ്ടതാണ്.





**പന്തിയോസ് പീലത്തോസിന്റെ കാലത്ത് സംഭവിച്ച ഈശോയുടെ പീഢാനുഭവത്തിലും കുരിശുമരണത്തിലും സംസ്കാരത്തിലുമുള്ള വിശ്വാസം**
അമ്മമാർ ദൈവവിളി പ്രോത്സാഹകർ

ഏപ്രിൽ 13 : യുവമാതാക്കളുടെ ഫൊറോന സെമിനാർ

**പഠനം :** വിശ്വാസം ആത്മനൊമ്പര സമർപ്പണം അയർലണ്ടിലെ സവിതയുടെ ജീവിതമാതൃക മാതൃദിനാഘോഷത്തിന് ഒരുക്കങ്ങൾ ചെയ്യുക.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ



## പിതൃസംഘം

ഇരുമ്പകച്ചോല, ഒലിപ്പാറ എന്നീ ഇടവകകളിൽ പിതൃസംഘത്തിന്റെ യൂണിറ്റുകൾ സ്ഥാപിച്ചു. അഭിനന്ദനങ്ങൾ... പിതൃസംഘത്തിന്റെ നിയമാവലി താമസിയാതെ ലഭ്യമാക്കുന്നതായിരിക്കും.

**ഫാ. ജോർജ് തുരുത്തിപള്ളി**
ഡയറക്ടർ



## ഫാമിലി അപ്പോസ്റ്റലേറ്റ്

**പ്രീകാന കോഴ്സ്**

**ഏപ്രിൽ 1, 2, 3, 4** തിയ്യതികളിൽ **2013 മെയ് 6,7,8,9** തിയ്യതികളിൽ, മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

**1. ഏകോപന സമിതി**

നമ്മുടെ ഇടവകകളിലെ കുടുംബസമ്മേളന ഭാരവാഹികളെ, ഇടവകാതലത്തിൽ ഒരുമിച്ച്ക്കൂട്ടി അവരിൽ നിന്നു ഒരു ജനറൽ കൺവീനർ, രണ്ട് കൺവീനർമാർ എന്നിവരെ തിരഞ്ഞെടുക്കുമല്ലോ. മൂന്നിൽ താഴെ കുടുംബസമ്മേളന യൂണിറ്റുകളെയുള്ളുവെങ്കിൽ ജനറൽ കൺവീനർ മാത്രം മതി.

ഇടവകയിലെ കുടുംബമ്മേളന ഭാരവാഹികളിൽ ആരെങ്കിലും ഫൊറോന ഭാരവാഹിയാണെങ്കിൽ അക്കാരണത്താൽ തന്നെ ആ വ്യക്തി ആയിരിക്കും 'ജനറൽ കൺവീനർ'. ഈ മൂന്നുകൺവീനർമാർ ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങളായിരിക്കും. എല്ലാ കുടുംബസമ്മേളന ഭാരവാഹികളുടെയും കൂട്ടായ്മക്ക് പറയുന്ന പേരാണ് ഏകോപന സമിതി. അവരുടെ ഒരു ലിസ്റ്റ് ഇടവകയിൽ ഉണ്ടായിരിക്കണം. ഒരെണ്ണം ഫൊറോനയിലും രൂപതാകേന്ദ്രത്തിലും ഉണ്ടായിരിക്കണം.

**2. ഫൊറോന വാർത്തകൾ**

**വടക്കുഞ്ചേരി ഫൊറോന :** മാർച്ച് 9 ശനിയാഴ്ച ഫൊറോന പാരിഷ്ഹാളിൽ ഫൊറോന കൗൺസിൽകൂടി. പ്രസിഡന്റ്-ജോസ് വടക്കേക്കര, വൈസ് പ്രസിഡന്റ് അഗസ്റ്റ്യൻ മാവേലിക്കുന്നേൽ, സെക്രട്ടറി തോമസ് കുരിശിങ്കൽ, ജോ. സെക്രട്ടറി തോമസ് മൈലാഡൂർ, ട്രഷറർ ജോണി ഡയാൻ എന്നിവരടങ്ങുന്ന പുതിയ ഫൊറോന ഭരണസമിതി നിലവിൽവന്നു.

**മംഗലഡാം ഫൊറോന :** മാർച്ച് 9-ാം തിയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഫൊറോന കൗൺസിൽകൂടി വിശ്വാസനേതൃസംഗമത്തെ പറ്റി ചർച്ചചെയ്തു. ഏകോപന സമിതി രൂപീകരിക്കാൻ ഫൊറോന പ്രതിനിധികളെ തീരുമാനിച്ചു.

**താവളം ഫൊറോന :** മാർച്ച് 12 ന്അഗളിയിൽവച്ച് ഫൊറോന കൗൺസിൽകൂടി യൂണിറ്റുകളിലെ പ്രവർത്തനങ്ങളെ വിലയിരുത്തി. വിശ്വാസനേതൃത്വസംഗമത്തെപ്പറ്റി സംസാരിച്ചു.

**തത്തമംഗലം ഫൊറോന :** മാർച്ച് 16 ന് രാവിലെ 10 ന് തത്തമംഗലം ഫൊറോന കൗൺസിൽകൂടി. എല്ലാ ഇടവകകളിലും ഏകോപനസമിതി രൂപീകരിക്കുന്നതിനെപറ്റി സംസാരിച്ചു.

**മേലാർകോട് ഫൊറോന :** മാർച്ച് 16 ന് ഉച്ചകഴിഞ്ഞ് മേലാർകോട് ഫൊറോന കൗൺസിൽകൂടി. പ്രദീഷ് ചെരുപറമ്പിൽ (പ്രസിഡന്റ്), സെബാസ്റ്റ്യൻ പാലപറമ്പിൽ (സെക്രട്ടറി), ജോർജ്ജ് ചെരുപറമ്പിൽ (ട്രഷറർ) എന്നിവരടങ്ങുന്ന ഭരണസമിതി നിലവിൽവന്നു.

**മണ്ണാർക്കാട് ഫൊറോന :** മാർച്ച് 23 മണ്ണാർക്കാട് ഫൊറോന സമിതി കൂടി പുതിയ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ജോൺ കൈതമറ്റം വൈസ് പ്രസിഡന്റ് ജോജി വർഗ്ഗീസ് ചാലങ്കൽ, സെക്രട്ടറി ജോസ് പുത്രമണ്ണിൽ, ജോയിന്റ്-സെക്രട്ടറി സന്തോഷ് വലിയ വീട്ടിൽ ട്രഷറർ സെബാസ്റ്റ്യൻ ചെന്നാലിൽ.

**പാലക്കാട് ഫൊറോന :** മാർച്ച് 23 ഉച്ചകഴിഞ്ഞ് 2.30 ന് പാലക്കാട് ഫൊറോന കൗൺസിൽകൂടി ഫൊറോന ഭരണസമിതി പുതുക്കിസ്ഥാപി





ച്ചു. പ്രസിഡന്റ് ബാബു എം മാത്യു, വൈസ് പ്രസിഡന്റ് ശശിപോൾ സെക്രട്ടറി, ജോൺസൺ നീലങ്കാവിൽ, ജോയന്റ് സെക്രട്ടറി ജോസഫ് വടക്കുംകര, ട്രഷറർ മത്തായി കുറ്റിയറ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ



## സെമിനാരി വാർത്തകൾ

2013 മാർച്ച് 23ന് കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽവെച്ച് അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിൽനിന്ന് ഡീക്കൻ പട്ടവും ചെറുപട്ടങ്ങളും വൈദിക വസ്ത്രവും സ്വീകരിച്ച നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികൾ

**ഡീക്കൻപട്ടം**
കാരക്കാട്ട് ക്രിസ്റ്റോ, കുമ്മംകോട്ടിൽ ബിജു, ഉറുകുഴിയിൽ സെബിൻ

**ഹെവുപ്പദിയാക്കന പട്ടം**
ചുങ്കത്ത് ലിവിൻ, കാഞ്ഞിരത്തിങ്കൽ ജോബിൻ, കാവാലത്ത് ജെയിംസ്, പൊറത്തൂർ റെന്നി, വേലിയ്ക്കകത്ത് ജിതിൻ

**കാറോയപട്ടം**
ആക്കാട്ട് ഡെബിൻ, ചെല്ലങ്കോട്ട് ടോജി, ചോതിരക്കോട്ട് ജെയിസൺ, കളത്താര ജോസഫ്, മാരിപ്പുറത്ത് കുര്യാക്കോസ്, മേടയ്ക്കൽ റിജോ, പൊന്തേക്കൻ സജിൻ

**വൈദികവസ്ത്ര സ്വീകരണം**
തെക്കാനത്ത് ആന്റണി, തെക്കാനത്ത് ക്രിസ്റ്റോ, കോയിക്കാട്ടിൽ ക്രിസ്

**ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ**
റെക്ടർ, സെന്റ് മേരീസ് മൈനർ സെമിനാരി കല്ലേപ്പുള്ളി

## സി. എൽ. സി

13 ശനി-രൂപതാ സി.എൽ.സി ദിനാഘോഷം
20. ശനി വാർഷിക സെനറ്റ്
**പ്രാർത്ഥന :** സി.എൽ.സി സംഘടനയുടെ വളർച്ചയ്ക്കായി പ്രാർത്ഥിക്കുക
**പഠനം :** ഇഗ്നേഷ്യസ് ലയോള
**പ്രവർത്തനം :** സി.എൽ.സി സംഘടനയെ ഊർജസ്വലമാക്കാൻ പരിശ്രമിക്കുക.

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ



# മദ്യവിരുദ്ധസമിതി

**ദൈവത്തിന്റെ കാര്യസ്ഥൻ മദ്യപാനായിരിക്കരുത്. (1തീത്തോസ് 1:7)**

**അറിയിപ്പുകൾ:**

വേദപാഠകുട്ടികൾക്ക് അവധിക്കാല വേദപാഠക്ലാസ്സുകൾ ഇടവകയിൽ നടക്കുന്ന സമയമാണല്ലോ. ഈ സമയത്ത് അവർക്ക് ലഹരിപദാർത്ഥങ്ങളെക്കുറിച്ചും അവയുടെ ദുഷ്യഫലത്തേകുറിച്ചും അവബോധം നൽകാൻ വികാരിയച്ചന്മാർ ബ്രദേഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തുമല്ലോ? കൂടാതെ ഇടവകയിൽ ഈ തിന്മയ്ക്ക് എതിരായി ജാഗ്രത പ്രകടിപ്പിക്കാൻ താല്പര്യമുള്ള കുട്ടികളെ ഒരുമിച്ച് ചേർത്ത് സംഘടന സ്ഥാപിക്കുമല്ലോ.

**കുട്ടികൾ കാലിടറാതിരിക്കാൻ നാം എന്ത് ചെയ്യണം.**

1. നമ്മളാണ് അവരുടെ മാതൃക. കുട്ടികൾക്ക് ദുഷ്ടപ്രേരണ നൽകുന്ന വിധം ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കരുത്.
2. കുട്ടികളുടെ കൂട്ടുകെട്ട് ശ്രദ്ധിക്കുക. ലഹരിപദാർത്ഥങ്ങൾ കുട്ടികളിൽ എത്തുന്നത് കൂട്ടുകെട്ടുകളിലൂടെയാണ്. മാതാപിതാക്കൾ കുട്ടികളുടെ കൂട്ടുകാരെ അറിഞ്ഞിരിക്കണം.
3. ചുറ്റുപാടുകൾ അറിയുക. കുട്ടികളെ വഴിതെറ്റിക്കാൻ പ്രത്യേക സംഘം വിദ്യാലയങ്ങളിൽ ഉണ്ടാകും. മിഠായി, ഐസ്ക്രീം എന്നിവ നൽകി ലഹരിയുടെ ലോകത്തേക്ക് അവരെ ആനയിക്കുവാൻ ഇവരെ കുറിച്ച് ജാഗ്രത പുലർത്തുക.
4. No പറയാൻ കുട്ടികളെ ശീലിപ്പിക്കുക. കുട്ടികളോട് മാതാപിതാക്കൾ ചിലകാര്യങ്ങൾക്ക് No പറഞ്ഞാലേ അവരും ചില കാര്യങ്ങളോട് No പറയാൻ ശീലിക്കൂ.
5. ഭവനം ലഹരി വിമുക്തമാക്കുക. ലഹരിരഹിതഭവനം അനുഗ്രഹീതം എന്ന് തിരിച്ചറിയുക.
6. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുക

   " മദ്യാസക്തി സുബോധം നഷ്ടപ്പെടുത്തി ഉന്മാദം വരുത്തുന്നു. ജീവിച്ചിരിക്കുമ്പോൾ മരിച്ചവന് തുല്യമാക്കുന്നു. ശരീരത്തിലെ ഗുഹ്യഭാഗങ്ങൾ പുറത്ത് പ്രദർശിപ്പിക്കുന്നു. അറിവിനെയും ബുദ്ധിശക്തിയെയും ജീവിതത്തെയും സമ്പത്തിനെയും കൂട്ടുകാരെയും നശിപ്പിക്കുന്നു".

   \- അർത്ഥശാസ്ത്രം

**ഫാ. ജിജോ പാറയിൽ**

ഡയറക്ടർ







# നവീകരണ മുന്നേറ്റം

**പാലക്കാട് സോണിന് പുതിയ നേതൃത്വം**

2013 മാർച്ച് 15,16 തിയതികളിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽ നടന്ന സോണൽ കരിസ്മാറ്റിക് സേവന സമിതി പുനഃസംഘടനയ്ക്ക് KST ചെയർമാൻ റവ. ഫാ. ജോസ് അഞ്ചാനിയ്ക്കൽ KST അംഗങ്ങളായ സിസ്റ്റർ ഡെൽഫി MSMI, ശ്രീമതി ലില്ലിക്കുട്ടി എന്നിവർ നേതൃത്വം നൽകി. പുതിയ കോർഡിനേറ്ററായി ശ്രീ. ഉമ്മൻ മാത്യു (നീതിപുരം)വിനെ തെരഞ്ഞെടുത്തു.

**മറ്റ് P.S.T അംഗങ്ങൾ**

P.M. മാത്യു (കണ്ടമംഗലം) സെക്രട്ടറി, K.S. ബെന്നി (ഒലിപ്പാറ) ട്രഷറർ, ഡോ. ടോണി തോമസ് (ചിറ്റൂർ), ജോർജ് പുന്നോലിൽ (രാജഗിരി), വി.വി ജോർജ് (പൊമ്പ്ര), ബീന ജോസഫ് (ഒലവക്കോട്), ലിസ ജോർജ് (രാജഗിരി), ബേബി ആന്റോ (അളുവാശ്ശേരി), ഫ്രാങ്കോ ജോസഫ് (ആലത്തൂർ)

KAC അംഗങ്ങളായി സാബു അബ്രാഹം (രാജഗിരി), മരിയ ജോസഫ് (മേലാർകോട്) എന്നിവരെയും തിരഞ്ഞെടുത്തു.

**Zume ലീഡേഴ്സ് ട്രയിനിംങ് പ്രോഗ്രാം**

ഏപ്രിൽ 19,20 തിയതികളിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. ശ്രീ. തോമസ് കുര്യൻ എന്നിവർ നേതൃത്വം നൽകുന്നു.

**ജാഗരണ പ്രാർത്ഥന**

ഏപ്രിൽ 26 വെള്ളി വൈകിട്ട് 7.30 മുതൽ ശനി രാവിലെ 5 മണി വരെ പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ വെച്ച് നടത്തുന്നു. റവ. ഫാ. റെനി പുല്ലുകാലായിൽ റവ. ഫാ. ജെയ്ജിൻ വള്ളിയാംകണ്ടത്തിൽ എന്നിവർ നേതൃത്വം നൽകുന്നു.

**റവ. ഫാ.റെനിപുല്ലുകാലയിൽ**

സോണൽ ഡയറക്ടർ



# ക്രിസ്റ്റീൻ വാർത്തകൾ

സെഹിയോൻ യൂത്ത് & ചിൽഡ്രൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ധോണി മരിയൻ റിന്യൂവൽ സെന്ററിൽ വെച്ച് 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനങ്ങളും മുതിർന്നവർക്കായി വാരാന്ത്യധ്യാനങ്ങളും നടത്തപ്പെടുന്നു.

എല്ലാ ധ്യാനങ്ങളും പ്രാരംഭദിനം ഉച്ചയ്ക്ക് 2ന് ആരംഭിച്ച് അവസാനദിവസം രാവിലെ 9ന് അവസാനിക്കുന്നു.

**ക്രിസ്റ്റീൻ ധ്യാനങ്ങൾ**

ഏപ്രിൽ 01-05
ഏപ്രിൽ 05-09
ഏപ്രിൽ 15-19
ഏപ്രിൽ 29 മെയ് 3

**വാരാന്ത്യധ്യാനങ്ങൾ**

ഏപ്രിൽ 10-14
ഏപ്രിൽ 24-28

**ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത് :**
ഫാ. റെനി പുല്ലുകാലായിൽ & ടീം
കൂടുതൽ വിവരങ്ങൾക്ക് : 0491 - 2004098

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഏപ്രിൽ | 07-12 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഏപ്രിൽ | 14-19 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ & ഫാ. സാജു ഇലഞ്ഞിയിൽ |
| ഏപ്രിൽ 28 മെയ് 3 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ & ഫാ. സാംസൺ മണ്ണൂർ |





സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻസ്**

ഏപ്രിൽ 21 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

**ജില്ലാഹെഡ് മീറ്റിംഗ്**

3-4-2013 ബുധനാഴ്ച കാലത്ത് 11 മണിക്ക് ജില്ലാഹെഡ് മീറ്റിംഗ് PSSP യിൽ വെച്ച് നടത്തുന്നു.

**ബ്ലോക്ക് ഹെഡ് മീറ്റിംഗ്**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 08.04.2013 | തിങ്കൾ | പാലക്കാട്/മലമ്പുഴ | തിരുനെല്ലായ്- നട | 11am |
| 10.04.2013 | ബുധൻ | മണ്ണാർക്കാട് | എറണാകുളം | “പഠനയാത്ര” |
| 11.04.2013 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11am |

| | | | | |
|---|---|---|---|---|
| 12.04.2013 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2pm |
| 15.04.2013 | തിങ്കൾ | അട്ടപ്പാടി | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 11am |
| 17.04.2013 | ബുധൻ | നെന്മാറ | പാരീഷ് ഹാൾ | 11am |
| 24.04.2013 | ബുധൻ | ആലത്തൂർ | FCCവടക്കഞ്ചേരി | 11am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.04.2013 | തിങ്കൾ | അട്ടപ്പാടി, റീജിയണൽ ഓഫീസ് | 11am to 2pm |
| 16.04.2013 | ചൊവ്വ | സാൻജോ ടവർ, പാലക്കാട് | 10am to 2pm |
| 17.04.2013 | ബുധൻ | നെന്മാറ, പാരീഷ് ഹാൾ | 11am to 2pm |
| 18.04.2013 | വ്യാഴം | കരിമ്പ, പാരീഷ് ഹാൾ | 11am to 2pm |
| 24.04.2013 | ബുധൻ | FCC വടക്കഞ്ചേരി | 11am to 2pm |

**ഓർണമെന്റ്സ് ട്രെയിനിംഗ് (ഫാഷൻ ആഭരണ നിർമ്മാണം)**

ഫാഷൻ ആഭരണനിർമ്മാണത്തിൽ മൂന്നുദിവസം നീണ്ടുനില്ക്കുന്ന പരിശീലനം ഏപ്രിൽ മാസം അവസാനം ഗൂളിക്കടവ് (അട്ടപ്പാടി), പാലക്കാട് (PSSP) എന്നിവടങ്ങളിൽ വെച്ച് നടത്തുന്നു. 1000 രൂപ ഫീസ്. പഠിതാക്കൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ സൗജന്യമായി നൽകുന്നതാണ്. തുടർന്ന് ഇതു തൊഴിലാക്കി മാറ്റുവാനാഗ്രഹിക്കുന്ന സംഘാംഗങ്ങൾക്ക് വായ്പയും തരപ്പെടുത്തികൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് PSSP ഓഫീസുമായി ബന്ധപ്പെടുക. Ph : 04912 520395, 04912 527784

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം**

സോപ്പ്, സോപ്പുല്പന്നങ്ങൾ തുടങ്ങി 10 തരം ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയിൽ രണ്ടു ദിവസത്തെ പരിശീലനം നൽകുന്നു.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം





കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**തെങ്ങിന്റെ ചങ്ങാതിമാർ**

കോക്കനട്ട് ഡവലപ്മെന്റ് ബോർഡിന്റെ സഹകരണത്തോടെ പി.എസ്.എസ്.പി പരിശീലിപ്പിച്ച അഞ്ഞൂറിൽപരം തെങ്ങ് പരിചരിക്കുന്നവരുടെ സേവനം പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ലഭ്യമാണ്. തേങ്ങയിടൽ, തെങ്ങ് പരിചരണം, വിത്ത് തേങ്ങ സംഭരിക്കൽ, വിപണനം, മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കുള്ള സാധ്യതകൾ എന്നിവയിൽ ഇവർ പരിശീലനം നേടിയിട്ടുണ്ട്. മിതമായനിരക്കിലും മാന്യമായ ഇടപെടലിലും ഇവരുടെ സേവനം ആവശ്യമുള്ള പള്ളികൾ, മഠങ്ങൾ, സ്ഥാപനങ്ങൾ, കർഷകൻ, പുതുതായി പരിശീലനം ആവശ്യമുള്ള യുവാക്കൾ എന്നിവർ താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടുക. 9446791818

**പി.എസ്.എസ്.പിക്ക് പുതിയ ജലനിധി പദ്ധതി**

ലോകബാങ്കിന്റെ ധനസഹായത്തോടെ കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന കുടിവെള്ളം, ശുചിത്വം, ഇവയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പദ്ധതിയായ “ജലനിധി” പാലക്കാട് ജില്ലയിലെ ലക്കിടിപേരൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് പി.എസ്.എസ്.പി. തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇതിനുമുമ്പ് പുതൂർ, കടങ്ങോട് പഞ്ചായത്തുകളിൽ ഈ പദ്ധതി വിജയകരമായി നമ്മൾ പൂർത്തീകരിച്ചിരുന്നു.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# കെ.എൽ.എം. പാലക്കാട്

**പുതിയ മേഖലാ ഡയറക്ടർ**

സംസ്ഥാന കെ.എൽ.എം ന്റെ തൃശൂർ മേഖലാ ഡയറക്ടറായി രൂപതാ ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കലിനെ KCBC ലേബർ കമ്മീഷൻ നിയമിച്ചിരിക്കുന്നു. തൃശൂർ ഇരിങ്ങാലക്കുട, കോട്ടപ്പുറം, പാലക്കാട് രൂപതകളാണ് തൃശൂർ മേഖലയിൽ ഉൾപ്പെടുന്നത് (തൃശൂർ, പാലക്കാട്, ജില്ലകൾ). നമ്മുടെ രൂപതയിലെ അസംഘടിതൊഴലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും ആക്കംകൂട്ടുവാൻ ഇത് സഹായകമാകും. എല്ലാവരുടെയും നിസ്വാർത്ഥ സഹകരണം പ്രതീക്ഷിക്കുന്നു.

**മെയ്ദിനം- തൊഴിലാളിദിനം**

അന്തർദേശീയ തൊഴിലാളിദിനമായ മെയ് ഒന്ന് കെ.എൽ.എം സമുചിതമായി ആഘോഷിക്കുന്നു. മെയ്ദിനാഘോഷങ്ങൾക്ക് ഈ വർഷം മണ്ണാർക്കാട് ഫൊറോനയാണ് ആതിഥേയത്വം വഹിക്കുന്നത്. എല്ലായൂണിറ്റുകളിലെയും കെ.എൽ.എം ഭാരവാഹികളും അംഗങ്ങളും, ഫോറം പ്രവർത്തകരും മെയ്ദിനാഘോഷങ്ങളിൽ സംബന്ധിക്കേണ്ടതാണ്.

**സുരക്ഷാപദ്ധതി സ്കോളർഷിപ്പുകൾ വിതരണം ചെയ്തു**

കെ.എൽ.എം സുരക്ഷാ പദ്ധതിയിൽ ചേർന്നിട്ടുള്ളവരുടെ വിദ്യാർത്ഥികൾക്ക് 18 പേർക്ക് Rs.1200/ വീതം സ്കോളർഷിപ്പുകൾ, ലോകവനിതാദിനാഘോഷങ്ങളോടനുബന്ധിച്ച് മാർച്ച് 8-ന് അഭിവന്ദ്യ മാർജേക്കബ് മനത്തോടത്ത് പിതാവ് വിതരണം ചെയ്തു.

**സേവ് എ ഫാമിലി പ്ലാൻ റീജിയൺ മീറ്റിംഗുകൾ**

| തിയ്യതി | റീജിയൺ | സ്ഥലം | സമയം |
|---|---|---|---|
| 17/4/2013 | അട്ടപ്പാടി | അഗളി ഫാത്തിമമാതാ ചർച്ച് ഓഡിറ്റോറിയം | 10am - 1pm |
| 22/4/2013 | ആലത്തൂർ | വടക്കഞ്ചേരി ലൂർദ്മാതാ ചർച്ച് ഓഡിറ്റോറിയം | 10am - 1pm |
| 27/4/2013 | ഒറ്റപ്പാലം, പാലക്കാട് | പാസ്റ്ററൽസെന്റർ പാലക്കാട് | 10am - 1pm |

**സേവ് എ ഫാമിലി ലോക്കൽ സ്പോൺസർ സിസ്റ്റർമാരുടെ ഉല്ലാസയാത്ര**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, സേവ് എ ഫാമിലിയുടെ പാലക്കാട് രൂപതയിലുള്ള 3 റീജിയണുകളിലേയും വിവിധ സെന്ററുകളിലുള്ള ബഹു. ലോക്കൽ സിസ്റ്റർമാരുടെ ഒരു ഉല്ലാസയാത്ര ഏപ്രിൽ മാസം 19, 20 തിയതികളിലായി നടത്തുന്നു. പി.എസ്.എസ്.പിയുടെ ധോണിയിലുള്ള സ്റ്റാർട്ട് ട്രെയിനിങ്ങ് സെന്ററിൽ 19-ാം തിയതി 4 മണിക്ക് എത്തിച്ചേരുകയും 20 ന് രാവിലെ ഉല്ലാസയാത്ര ആരംഭിക്കുകയും ചെയ്യുന്നു.

**ഫാ. ജേക്കബ് മാവുങ്കൽ**

ഡയറക്ടർ





# From the Bishop's Diary

**2013 മാർച്ച്**

1 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

2 – സീങ്കര സെന്റ് ജോർജ്ജസ് എൽ.പി. സ്കൂളിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

3 – ത്രിത്വമല ഹോളിട്രിനിറ്റി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

4 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

5 – പൊൽപ്പുള്ളി സെറാഫിക് നോവിഷ്യേറ്റ് ഹൗസിൽ നോവീസ്സസിന് ക്ലാസ്സെടുത്തു.

6 – മുണ്ടൂർ യുവക്ഷേത്രയിൽ പ്രീകാനകോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– മൈലംപുള്ളി മറിയം ത്രേസ്യാ നോവിഷ്യേറ്റ് ഹൗസിൽ നോവീസ്സസിന് ക്ലാസ്സെടുത്തു.

7 – പെട്ടിക്കൽ പുതുജീവൻ സർവ്വീസ് സൊസൈറ്റി വക സ്ഥാപനത്തിന്റെ കപ്പേളയും പുതിയ ഹാളും വെഞ്ചിരിച്ചു.

– താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

8 – പാസ്റ്ററൽ സെന്ററിൽ വനിതാദിനാഘോഷത്തോടനുബന്ധിച്ച് പി.എസ്.എസ്.പി. നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്തു.

9 – എളവംമ്പാടം സെന്റ് തോമസ് ദൈവാലയവും ചിറ്റടി അനുഗ്രഹഭവനും സന്ദർശിച്ചു.

10 – പൊന്നംകോട് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

12 – മണ്ണൂത്തി സമരിറ്റൻ ജനറലേറ്റിൽ വി. കുർബാനയർപ്പിച്ചു.

– തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥി കളെ സന്ദർശിച്ചു.

13 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

14 – മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ സന്ദേശം നൽകി.

15 – പാലാരിവട്ടം പി.ഒ.സി.യിൽ ഹെൽത്ത് കമ്മീഷൻ സംഘടിപ്പിച്ച സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– കളമശ്ശേരി XIME ൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റേഴ്സിനു വേണ്ടി ഹെൽത്ത് കമ്മീഷൻ സംഘടിപ്പിച്ച പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു.

16 – കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഐ.ടി.ഐ.ക്കുവേണ്ടി നിർമ്മിച്ച പുതിയ ബ്ലോക്ക് വെഞ്ചിരിച്ചു, ആർട്സ് ഡേ ഉദ്ഘാടനം ചെയ്തു.

– കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിലെ വൈദി കവിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

17 – മൈലംപുള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ വി.കുർബാന യർപ്പിച്ചു.

18 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

19 – പാലക്കാട് കോട്ടമൈതാനത്ത് മദർതെരേസ സാന്ത്വന ചികി ത്സാലയത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

20 – ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് കോൺവെന്റിൽ നോവീ സ്സിന് ക്ലാസ്സെടുത്തു.

– ധോണി മരിയൻ റിന്യൂവൽ സെന്ററിൽ വൈദികവിദ്യാർത്ഥിക ളുടെ സമ്മർക്യാമ്പിൽ സംബന്ധിച്ചവരെ സന്ദർശിച്ചു.

– തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.





– വടക്കഞ്ചേരി ദൈവദാൻ സെന്റർ സന്ദർശിച്ച് അന്തേവാസി കൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

– കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

22 – പാലന ആശുപത്രിയിൽ ഡോ. വിൻസെന്റ് ജോസഫിനെ അനു മോദിക്കാൻ വേണ്ടി സംഘടിപ്പിച്ച സമ്മേളനത്തിൽ അദ്ദേഹ ത്തിന് ആശംസകൾ നേർന്നു.

23 – കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരി കപ്പേളയിൽ വെച്ച് 3 വൈദിക വിദ്യാർത്ഥികൾക്ക് വൈദിക വസ്ത്രവും മൂന്നു പേർക്ക് മ്ശംശാന പട്ടവും 5 പേർക്ക് ഹെവ്പ്പദിയാക്കന പട്ടവും 7 പേർക്ക് കാറോയപട്ടവും നൽകി.

24 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ ദൈവാലയത്തിൽ ഓശാനയോടനുബന്ധിച്ച തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

25 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ ദൈവാലയത്തിൽ സൈത്ത് വെഞ്ചിരിപ്പ് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം നൽകി. വി. കുർബാനയർപ്പിച്ചു.

26 – സുപ്രീംകോടതി ജഡ്ജിയായി നിയമിതനായ ജസ്റ്റിസ് കുര്യൻ ജോസഫിനെ സന്ദർശിച്ച് അഭിനന്ദനം നേർന്നു.

– കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പിനെ സന്ദർശിച്ചു.

– എറണാകുളം പി.വി.എസ്. ആശുപത്രിയിൽ ഓപ്പറേഷന് വിധേ യനാകുന്ന ഫാ. ജോഷി ചക്കാലയ്ക്കലിനെ സന്ദർശിച്ചു.

– പാലന സി.എം.സി. കോൺവെന്റിലെ അംഗമായ സി. സെസിൽ സി.എം.സി.യുടെ മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മി കത്വം വഹിച്ചു.